**നം.കെ.എസ്.എ–കെ.ടി.എം.പി5/1704/2019** **തീയതി : 07.12.2019**

# കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2018–19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ **ചിറക്കടവ്** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.04.2018 മുതൽ 30.09.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും വിവിധ അക്കൗണ്ടുകളിൽ നിന്ന് 31.07.2018 വരെ നടത്തിയ പണം പിൻവലിക്കലുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 30.10.2019ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാബു സി.ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.2019 മുതൽ 30.10.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി കെ.എ.അനിതാകുമാരി | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഇന്ദുലേഖ എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ബാബുരാജ് കെ.ബി. | ഓഡിറ്റർ(ഹ.ഗ്രേ.) |

| | | |
|---|---|---|
| | ശ്രീമതി ജാസ്മിൻ എസ്. | ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ജയ ശ്രീധർ | 01.04.2018- 31.03.2019 |
| സെക്രട്ടറി | ശ്രീ.എ.ഒ.അജു | 01.04.2018- 31.03.2019 |

**മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ജെഫിൻ ജെ.എസ്. | 1.04.2018-31.03.2019 |
| വെറ്ററിനറി സർജൻ | ഡോ.ഡെന്നിസ് തോമസ് | 1.04.2018-17.09.2018 |
| | ഡോ.രാഹുൽ ഷൺമുഖം | 17.09.2018-31.03.2019 |
| വി.ഇ.ഒ | ശ്രീ.സജി മോഹൻദാസ് | 1.04.2018-31.03.2019 |
| | ശ്രീ.രാജേഷ് കുമാർ | 1.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.അനീഷ് വർക്കി | 1.04.18-31-03.2019 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ധന്യ റ്റി.ഗോപാലൻ | 1.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.റോയി മാത്യു | 1.04.2018-05.07.18 |
| | ഡോ.സാജൻ ചെറിയാൻ | 09.07.18 -31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി വസന്തകുമാരി | 1.04.2018-31.03.2019 |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ.ജയപ്രകാശ് | 1.04.2018-30.06.2018 |
| | ശ്രീമതി അന്നമ്മ ജോൺ | 09.0718-31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജയറാണി | 1.04.2018-31.03.2019 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷാജിഹാൻ പി.എച്ച്. | 1.04.2018-31.03.2019 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ഉഷ പി.ഡി. | 1.04.2018-31.03.2019 |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |

| | |
|---|---|
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണം |
| 1-5 | ക്യാഷ് വെരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷികകണക്കുകളുടെ അവലോകനം |
| 1-8 | പേയ്മെന്റിനായി പാസാക്കിയ ചെക്കുകൾ ഇഷ്യൂ ചെയ്യാതെ ചെക്ക് ബുക്കിൽ ക്രമവിരുദ്ധമായി സൂക്ഷിക്കുന്നു |
| 1-9 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക |
| 1-10 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ-അപാകതകൾ |
| 1-11 | കെട്ടിടനിർമ്മാണാനുമതി/ക്രമവത്കരണം-തുടർനടപടികൾ സ്വീകരിച്ചില്ല |
| 1-12 | വസ്തുനികുതി നിർണ്ണയത്തിൽ-അപാകതകൾ |
| 1-13 | ജീവനക്കാരുടെ/സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്യാത്തത്/ഈടാക്കാത്തത്-സംബന്ധിച്ച് |
| 1-14 | ഇ-ടെൻഡർ ഫീസ്-ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നു |
| 1-15 | പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ-ദീർഘകാലമായി പഞ്ചായത്ത്ഫണ്ടിന് ബാധ്യത-തുടർനടപടി സ്വീകരിയ്ക്കാത്തത് സംബന്ധിച്ച് |
| 1-16 | ദിവസ വേതന വ്യവസ്ഥയിലുള്ള ജീവനക്കാരുടെ നിയമനം-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല |
| 1-17 | പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ-ശുചീകരണ ജീവനക്കാരന് ഉയർന്ന നിരക്കിൽ വേതനം നൽകി-അധിക ചെലവ് നിരാകരിക്കുന്നു |
| 1-18 | ദിവസവേതന ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ വേതനം നല്കിയത് തിരികെ ഈടാക്കേണ്ടതാണ് |

| | |
|---|---|
| 1-19 | തനതുഫണ്ട് ചെലവുകൾ |
| 1-20 | പഞ്ചായത്ത് വാഹന സൂക്ഷിപ്പ് സംബന്ധിച്ച് |
| 1-21 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല |
| 1-22 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിവാക്കപ്പെട്ട(demolished building) കെട്ടിടമുറികളുടെ വൈദ്യുത ചാർജ് കുടിശ്ശിക പഞ്ചായത്ത് തനതുഫണ്ടിൽ നിന്നും അടവാക്കി |
| 1-23 | ബാലസഭാ പ്രവർത്തനം-സബ്സിഡി മാർഗ്ഗരേഖ അധികരിച്ച ചെലവ് |
| 1-24 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം-പഠനാവശ്യത്തിനല്ലാതെ ലാപ്ടോപ്പ് വിതരണം ചെയ്തു |
| 1-25 | ശബരിമല തീർത്ഥാടനം-തെരുവുവിളക്ക് സ്ഥാപിക്കൽ-അപാകതകൾ |
| 1-26 | ശബരിമല ഗ്രാന്റ്-വിനിയോഗം പൂർണ്ണമല്ല-പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ല |
| 1-27 | ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾ-അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് |
| 1-28 | പകൽവീടിന്റെയും വിട്ടുകിട്ടിയ സ്ഥാനങ്ങളുടെയും ഇലക്ട്രിഫിക്കേഷൻ-അപാകതകൾ |
| 1-29 | കുടുംബശ്രീ വിപണന കേന്ദ്രം-പ്രവർത്തനക്ഷമമാക്കാത്തത് സംബന്ധിച്ച് |
| 1-30 | ത്രിവേണി കുടിവെള്ള പദ്ധതി-ഭാഗികമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് |
| 1-31 | ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകൾക്ക് തുക വിനിയോഗിച്ചു |
| 1-32 | മാലിന്യ സംസ്കരണം-ഹരിതകേരള മിഷൻ മാർഗ്ഗരേഖ ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയില്ല |
| 1-33 | ജാഗ്രതാസമിതി-പ്രവർത്തനം കാര്യക്ഷമമല്ല |
| 1-34 | നിക്ഷേപപ്രവൃത്തികൾ/സംയുക്ത പ്രോജക്ടുകൾ-പൂർത്തീകരണ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 1-35 | ശാന്തിതീരം ഗ്യാസ് ക്രിമറ്റോറിയം-ബൃഹദ് പദ്ധതി-പൊതുവിലയിരുത്തൽ |

| | |
|---|---|
| 1-36 | ഭവനപുനരുദ്ധാരണം-സബ്സിഡി പരിമിതപ്പെടുത്തി നല്കുന്നു |
| 1-37 | ലൈഫ് മിഷൻ-സമ്പൂർണ്ണ പാർപ്പിട പദ്ധതി അവലോകനം |
| 1-38 | ചെറിയ ചെയിനേജുകളിൽ മാത്രം പ്രവൃത്തി ഒതുങ്ങുന്നു |
| 1-39 | സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ സർക്കാർ ഫണ്ടുകൾ നഷ്ടപ്പെടുന്നു |
| 1-40 | അഗതിരഹിത കേരളം |
| **ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ |
| **ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | ദിവസവേതന ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ വേതനം നൽകിയത് തിരികെ ഈടാക്കേണ്ടതാണ് |
| 3-2 | പബ്ലിക് കംഫർട്ട് സ്റ്റേഷൻ ജീവനക്കാരന് ഉയർന്ന നിരക്കിൽ വേതനം നൽകി-അധിക ചെലവ് നിരാകരിക്കുന്നു |
| 3-3 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിവാക്കപ്പെട്ട (demolished building) കെട്ടിടമുറികളുടെ വൈദ്യുത ചാർജ് കുടിശ്ശിക പഞ്ചായത്ത് തനതുഫണ്ടിൽ നിന്നും അടവാക്കി |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 4-7 | ഓഡിറ്റ് റിക്കവറി |

| | |
|---|---|
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |



# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ കരട് ബജറ്റ് 12.03.2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 4,18,80,862 | 4,22,33,235.44 |
| വരവ് | 31,55,45,000 | 16,79,08,762.44 |
| ആകെ | 35,74,25,862 | 21,01,41,997.44 |
| ചെലവ് | 35,40,93,720 | 10,94,32,074.44 |
| നീക്കിയിരിപ്പ് | 33,32,142 | 5,84,76,688 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനില്ക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി സ്റ്റാന്റിംഗ്കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ്

പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദ്ദേശങ്ങളും നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദ്ദേശിച്ചതിൽ അധികരിച്ച ചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല.

സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർഥ്യവും ഉറപ്പാക്കാവുന്നതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,29,62,897 | 2,29,62,897 | 1,83,65,465 | 45,97,432 | |
| വികസനഫണ്ട് എസ്.സി.പി. | 0 | 52,96,000 | 52,96,000 | 48,89,743 | 4,06,257 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 4,75,000 | 4,75,000 | 4,54,994 | 20,006 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2,69,78,000 | 2,69,78,000 | 1,70,24,078 | 99,53,922 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 61,87,284 | 61,87,284 | 23,66,943 | 38,20,341 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,54,74,095 | 1,54,74,095 | 90,92,981 | 63,81,114 | |
| ട്രഷറി ഓൺ ഫണ്ട് vpfa 1, 2 | 16,93,274 | 0 | 16,93,274 | 0 | 16,93,274 | |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 3,27,327 | 1,35,43,045 | 1,38,70,372 | 84,76,463 | 53,93,969 | |
| തനതുഫണ്ട് | 0 | 92,69,128 | 92,69,128 | 1,38,79,861 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| എസ്.ബി.ടി., (ഐ.സി.ഡി.എസ്) | 1,21,953 | 19,64,120 | 20,86,073 | 7,58,301 | 13,27,772 | |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 2,25,371 | 85,01,201 | 87,26,572 | 48,14,202 | 39,12,370 | |
| ബി ഫണ്ട് | 0 | 7,21,01,740 | 7,21,01,740 | 7,21,01,740 | 0 | 100 |

**തൊഴിലുറപ്പുപദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 3,729.5 | 2,65,515 | 2,69,244.5 | 1,85,453 | 83,791.50 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 1,15,23,934 | 1,15,23,934 | 1,15,23,934 | 0 |
| **ആകെ** | **3,729.5** | **1,17,89,449** | **1,17,93,178.5** | **1,17,09,387** | **83,791.50** |

## 1-3 പദ്ധതി അവലോകനം

13-ാം പഞ്ചവത്സര പദ്ധതിയിലെ രണ്ടാം വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 29.01.2018ലെ സർക്കാർ ഉത്തരവ് (കൈ) 11/2018 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു. ടി ഉത്തരവിലെ നിർദ്ദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ 15.10.2018 ന് ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ്റിപ്പോർട്ട്) പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയാറാക്കിയ കരട് പ്രോജക്ടുകൾ 6.12.18 മുതൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 10.12.2018 ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു.

| | |
|---|---|
| ഊരുകൂട്ടം | 10.12.18 |
| വികലാംഗ ഗ്രാമസഭ | 6.12.18 |
| വയോജന ഗ്രാമസഭ | 6.12.18 |

പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29.3.17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട

മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16.2.19ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2018-19 വാർഷിക പദ്ധതിക്ക് അംഗീകാരം നല്കി. 15.2.19ലെ 490/18 DPC/DPO/KTM നമ്പർ പ്രകാരം വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരവും ലഭിച്ചു.

ആകെ 277 പ്രോജക്റ്റുകൾ ആസൂത്രണം ചെയ്തതിൽ അംഗീകാരം ലഭിച്ച 116 പ്രോജക്റ്റുകൾ ഉപേക്ഷിച്ചു. 42 ശതമാനമായിരുന്ന ചെലവ് (ആറ് പ്രോജക്റ്റുകൾ റിവിഷൻ സമയത്ത് ഒഴിവാക്കിയിട്ടുണ്ട്, 12പ്രോജക്റ്റുകൾ ക്യൂ-ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

**നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും**

അംഗീകാരം ലഭിച്ച 393 പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 14 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 6 | 6 | 3,28,710 | 3,05,475 | 93 |
| 2. | വെറ്ററിനറി സർജൻ | 5 | 5 | 71,90,000 | 49,05,749 | 68 |
| 3. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 1 | 1 | 5,50,000 | 4,88,780 | 89 |
| 4. | എൽ.വി.ഇ.ഒ.l | 3 | 3 | 3,55,69,400 | 1,80,29,125 | 51 |
| 5. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 5 | 5 | 9,00,000 | 8,35,527 | 93 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 6 | 5 | 58,66,496 | 42,78,431 | 73 |
| 7 | സെക്രട്ടറി | 33 | 23 | 1,40,40,435 | 83,27,656 | 59 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 315 | 210 | 13,58,49,587 | 4,20,56,454 | 31 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 21,35,000 | 20,60,137 | 96 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 32,12,000 | 30,12,000 | 93 |

| | | | | | | |
|---|---|---|---|---|---|---|
| 11 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 2 | 2,50,000 | 2,45,900 | 98 |
| 12 | വി.ഇ.ഒ. (വാകത്താനം) | 3 | 3 | 41,00,000 | 32,61,700 | 80 |
| 13 | ഹെഡ്മാസ്റ്റർ | 6 | 6 | 10,90,696 | 9,60,202 | 88 |
| | **ആകെ** | **393** | **277** | **21,10,92,324** | **8,87,87,136** | **42.06** |

ജി.ഒ.(കൈ) 11/2018/തസ്വഭവ തിയ്യതി 29.01.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം കാർഷിക മേഖലയിലെ പദ്ധതികൾ ഹരിതകേരള മിഷൻ, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി യോജിച്ചുള്ളവയായിരിക്കണം. ഇത്തരം പദ്ധതി നിർദ്ദേശ ങ്ങളൊന്നും സ്റ്റാന്റിംഗ് കമ്മറ്റിയോ വർക്കിംഗ് ഗ്രൂപ്പോ മുന്നോട്ടു വച്ചിട്ടുമില്ല. സാധാരണക്കാർക്ക പ്രയോജനം കിട്ടുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ മൃഗസംരക്ഷണമേഖലയിലും കാർഷികമേഖലയിലും നടപ്പിലാക്കിയിട്ടുണ്ട്. ആട്, കോഴി, പശു എന്നിവയെ വളർത്തുന്നതിനുള്ള പദ്ധതികൾ പഞ്ചായത്തു മുഖേനെയും കുടുംബശ്രീ മുഖേനെയും നടപ്പിലാക്കി വരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ബോധവൽക്കരണ ക്ലാസുകൾ, പോഷകാഹാര വിതരണം, രോഗനിർണ്ണയ ക്ലാസുകൾ എന്നിവ മികച്ച രീതിയിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ അലോപ്പതി, ആയുർവ്വേദം, ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ മേഖലയിൽ മരുന്നു വാങ്ങൽ, പാലിയേറ്റീവ് പരിചരണ പദ്ധതി, രോഗപ്രതിരോധപ്രവർത്തനങ്ങൾ എന്നീ പ്രോജക്ടുകൾ നടപ്പിലാക്കി. ആരോഗ്യ പരിപാലന രംഗത്തും ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്ക് ശക്തിപ്പെടുത്തുകയെന്നത് ആർദ്രം പദ്ധതിയുടെ ലക്ഷ്യമാണ്. എന്നാൽ ആർദ്രം പദ്ധതിയുടെ സമീപനവുമായി യോജിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ പ്രസ്തുത സ്ഥാപനങ്ങളിൽ പഞ്ചായത്ത് ആരംഭിച്ചിട്ടില്ല. ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ യോഗത്തിലെ നിർദ്ദേശങ്ങൾ പ്രോജക്ടുകളായി മാറിയെങ്കിലും അവയൊന്നും നടപ്പാക്കിയില്ല. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 മുതൽ 2018-19 വരെയുള്ള വർഷങ്ങളിൽ ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത കാലയളവിൽ ഈ മേഖലയിൽ പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ലെന്നത് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. അപാകത തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള വനിതാ വ്യവസായ കേന്ദ്രങ്ങളിൽ ചെറുകിട വ്യവസായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 210 പ്രവൃത്തികളിൽ 90%

പ്രവൃത്തികളും റോഡ് വികസനത്തിനായുള്ളതാണ്. പദ്ധതി വിഹിതം വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്റ്റിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുകയാണുണ്ടായത്. ഇത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. പതിനാറ് അങ്കണവാടികൾ അറ്റകുറ്റപ്പണി നടത്തുന്നതിന് തുക വകയിരുത്തിയിരുന്നെങ്കിലും 8 അങ്കണവാടികൾ മാത്രമെ ഓഡിറ്റ് വർഷം അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളൂ. വിവിധ സ്രോതസ്സുകളിൽ നിന്ന് തുക വിനിയോഗിച്ച് **ശാന്തിതീരം ഗ്യാസ് ക്രിമറ്റോറിയം, നബാർഡ്-കർഷകഷോപ്പിംഗ് കോംപ്ലക്സ്** എന്നീ പ്രോജക്ടുകൾ നടപ്പാക്കിവരുന്നു.

പ്രോജക്ടുകളുടെ ആസൂത്രണത്തിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പിന്റെ (കർമ്മസേന) നേതൃത്വത്തിൽ ഏറ്റവും പുതിയ സ്ഥിതിവിവരകണക്കുകൾ ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് പുതുക്കേണ്ടതും ആയതിനനുസരിച്ച് പ്രോജക്ടുകൾ ആസൂത്രണം ചെയ്യേണ്ടതും ഇപ്രകാരം നടപ്പാക്കുന്ന പ്രോജക്ടുകൾ പദ്ധതി നടത്തിപ്പ് വേളയിലും അന്തിമഘട്ടത്തിലും വിശദമായി വിലയിരുത്തേണ്ടതുമാണ്. പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 1-4 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ചെലവുകളുടെ നിയമസാധുത പ്രാഥമികമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കുമാരെയും അക്കൗണ്ടന്റിനെയും ഓഫീസ് ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. വൗച്ചറുകൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. നികുതി കുടിശ്ശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ്, പുരോഗതി, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/പഞ്ചായത്ത് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പ്രോജക്ടുകൾ 95% പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല(ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ആസ്തിരജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ). പല കമ്മറ്റി തീരുമാനങ്ങളുടെയും തുടർനടപടി നിരീക്ഷിക്കുന്നില്ല. ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് കാരണമായ വിവിധ വിഷയങ്ങളിൽ നിലനിൽക്കുന്ന ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകത പരിഹരിക്കേണ്ടതാണ്.

**ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള പഞ്ചായത്ത് തീരുമാനം**

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. കൂടാതെ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

**ചിറക്കടവ്** ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ

ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2019 തീയതിയിൽ 2:45 പി.എം.ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 20,327 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09/2019 | 06/2019 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.03.2017 | 2015-16 | LBA(HQ)II/I/8A-138/ 2018-19/287 dtd.12.12.2018 |

## 1-7 വാർഷിക കണക്കുകളുടെ അവലോകനം

**2018-19** വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

2) ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

3) B4 ഷെഡ്യൂളിൽ 320700105 ഹെഡ്ഡിൽ Contributions for Joint Venture (Capital Expenditure) – District Panchayath നീക്കിയിരിപ്പ്, രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4) ഡി & ഒ ലൈസൻസ്, വാടക എന്നിവയുടെ കുടിശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

5) B12 ഷെഡ്യൂളിൽ 420800101 ഹെഡ്ഡിൽ സ്ഥിരനിക്ഷേപ മൂല്യം ചേർത്തിരിക്കുന്നത് സ്ഥിരനിക്ഷേപ രസീത്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. വാർഷിക ധനകാര്യപത്രികയിൽ സ്ഥിരനിക്ഷേപ മൂല്യത്തിൽ 1,40,921/- രൂപ അധികം ചേർത്തിരിക്കുന്നു.

6) റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല. (ഇതിനുള്ള അക്കൗണ്ട് ശുദ്ധീകരണ (Purification) നടപടികൾ പൂർത്തിയായിട്ടില്ല).

7) B5 ഷെഡ്യൂളിൽ Secured Loans ഹെഡ്ഡിൽ ഇ.എം.എസ്. ഭവന പദ്ധതിയുടെ നീക്കിയിരിപ്പ് രജിസ്റ്റർ പ്രകാരം 1,74,860/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം 1,56,446/- രൂപയാണ്.

8) തൻവർഷത്തെ RP43 റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ ഷെഡ്യൂൾ പ്രകാരമുള്ള

Institution Profession Tax അരിയർ കളക്ഷൻ 1,48,950/- രൂപയാണ്.

എന്നാൽ കഴിഞ്ഞ വർഷത്തെ B15 പ്രകാരം ഈയിനത്തിലെ കുടിശ്ശിക 62,080/- രൂപ മാത്രമായിരുന്നു.

9) തൊഴിൽ രഹിത വേതനം ഇനത്തിൽ RP7 ൽ ചേർത്തിരിക്കുന്ന തുകയും രജിസ്റ്ററിലെ തുകയും പൊരുത്തപ്പെടുന്നില്ല.

10) B7 ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന വിവിധ തുകകളുടെ തൻവർഷ വിനിമയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മുന്നിരിപ്പ്, നീക്കിയിരിപ്പ്, വരവ്, ചെലവ് വിവരങ്ങളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

11) പെർമിറ്റ് രജിസ്റ്ററിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

12) B 11 ഷെഡ്യൂളിൽ പഞ്ചായത്ത് വാഹനം ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല.

13) പ്രോജക്ട് നമ്പർ 379/2019 പൊതുകിണർ നവീകരണത്തിനായി 50000/- രൂപ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറിൽ നിന്നും പാർട്ട് ബിൽ നൽകിയിരുന്നത് Capital work in progress ആയി അക്കൗണ്ട് ചെയ്തിരുന്നു. തനത് ഫണ്ടിൽ നിന്നും ബാക്കി തുക ഫൈനൽ നൽകിയപ്പോൾ Capital work in progressആയി അക്കൗണ്ട് ചെയ്തിരുന്നത് ആസ്തിയായി മാറ്റിയിട്ടില്ല.

14) RP 40(a), RP 40 (b)എന്നിവയിൽ ട്രഷറി ഓൺ ഫണ്ട് വി പി എഫ് എ 1-2 , വി പി എഫ് എ 1-3 എന്നിവയിൽ യഥാക്രമം 1691572/- രൂപ, 1702/- രൂപ നീക്കിയിരിപ്പ് ഉണ്ടെങ്കിലും ആയതിന്റെ പാസ്സ്ബുക്ക്, പൊരുത്തപ്പെടുത്തൽ പത്രിക എന്നിവ ലഭ്യമായിട്ടില്ല.

15) പിരിഞ്ഞ് കിട്ടാനുള്ള തുകകൾക്ക് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ നൽകിയിട്ടില്ല.

16) ലേലം തൻവർഷവരവുകളുടെ വിശദാംശങ്ങൾ പൂർണ്ണമായും റസീപ്റ്റ് & പേയ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

17) മുൻകൂർ തിരികെ നൽകിയതിന്റെ കൃത്യത അഡ്വാൻസ് രജിസ്റ്ററിൽ നിന്നും വ്യക്തമല്ല.

## 1-8 പേയ്മെന്റിനായി പാസ്സാക്കിയ ചെക്കുകൾ ഇഷ്യു ചെയ്യാതെ ചെക്ക് ബുക്കിൽ ക്രമവിരുദ്ധമായി സൂക്ഷിക്കുന്നു

ബാങ്ക് ബുക്ക് പ്രകാരം ഇഷ്യു ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ള (ചെലവ് രേഖപ്പെടുത്തപ്പെട്ട) പൊൻകുന്നം സർവ്വീസ് സഹകരണ ബാങ്കിന്റെ താഴെപ്പറയുന്ന ചെക്കുകൾ ഇഷ്യു ചെയ്യാതെ ചെക്ക് ബുക്കിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു.

| ചെക്ക് നം. | തീയതി | തുക | ഇഷ്യു ചെയ്യപ്പെട്ടയാളുടെ പേര് |
|---|---|---|---|
| 606657 | 19.12.18 | 767 | വെറ്ററിനറി സർജൻ, തെക്കേത്തുകവല |
| 606784 | 08.02.19 | 25,000 | സി.കെ.തങ്കച്ചൻ |
| 603543 | 27.06.19 | 1,100 | ഷാമോൻ പി.കെ. |
| 603546 | 27.06.19 | 1,360 | M/S ഒമേഗ സിസ്റ്റംസ് |

എല്ലാ മാസവും റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ "Cheque issued but not presented to Bank” എന്നാണ് മേൽപ്പറഞ്ഞ ചെക്കുകൾ രേഖപ്പെടുത്തിപ്പോരുന്നത്. യഥാർത്ഥത്തിൽ ഇഷ്യൂ ചെയ്യാത്ത ചെക്കുകൾ ഇപ്രകാരമുള്ള വിവരണത്തോടെ പൊരുത്തൽപ്പെടുത്തൽ പത്രികയിൽ ചേർത്ത നടപടി വിശദീകരിക്കേണ്ടതാണ്. ഇഷ്യൂ ചെയ്യാതെ ചെക്കുകൾ സൂക്ഷിച്ചിട്ടുള്ളതിനും അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളിൽ തെറ്റായ വിവരം രേഖപ്പെടുത്തുന്നതിനും വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റന്വേഷണകുറിപ്പിന് (നം.32) മറുപടി ലഭിച്ചിട്ടില്ല. ഇഷ്യൂ ചെയ്യാതെ ചെക്കുകൾ സൂക്ഷിക്കുകയും അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളിൽ തെറ്റായ വിവരം രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളത് ക്രമപ്രകാരമല്ല. ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ ഈ വീഴ്ച പരിഹാരനടപടികൾക്കായി ധനകാര്യസ്റ്റാന്റിംഗ്കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-9 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക

**(എ) വാർഷിക ധനകാര്യ പത്രികയും വാടക രജിസ്റ്ററും യഥാർത്ഥ കുടിശിക പ്രതിഫലിപ്പിക്കുന്നില്ല**

വാർഷിക ധനകാര്യ പത്രിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ തൻവർഷത്തെ വാടകയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക 45,712/-രൂപയാണ്. എന്നാൽ, വാടക രജിസ്റ്റർ പരിശോധിച്ചതിൽ 54,702/-രൂപയാണ് തൻവർഷ കുടിശികയായി കാണുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറി നം. | വാടകയ്ക്കെടുത്തയാളുടെ പേര് | മാസ വാടക | കുടിശിക കാലയളവ് | ആകെ |
|---|---|---|---|---|---|
| 1 | 58 | ഉല്ലാസ് പി.ജി., ഉല്ലാസ് ഭവൻ | 3,039 | 4/18-6/18 (3മാസം) | 9,117 |
| 2 | 58 | ഉല്ലാസ് പി.ജി., ഉല്ലാസ് ഭവൻ | 3,039 | 4/18-6/18 (3മാസം) | 9,117 |
| 3 | 61 | എം.എം.ഉണ്ണിക്കൃഷ്ണൻ, മറ്റത്തിൽ | 3,039 | 4/18-3/19 (12 മാസം) | 36,468 |
| | | | | **ആകെ** | **54,702** |

കൂടാതെ, വാർഷിക കണക്കുകൾ പ്രകാരം മുൻവർഷ കുടിശികയിനത്തിൽ 4,95,512/- രൂപ പിരിഞ്ഞുകിട്ടാൻ ബാക്കി നിൽക്കുന്നുണ്ട്. കുടിശികക്കാരുടെ പേര്, കുടിശിക തുക എന്നീ വിവരങ്ങളുൾപ്പെടുത്തി വാടക രജിസ്റ്ററിൽ സംഗ്രഹം (Abstract) തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കുടിശിക തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ടി അപാകങ്ങളിൽ വിശദീകരണം തേടിയുള്ള ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.30 തീയതി 31.10.2019) മറുപടി ലഭിച്ചിട്ടില്ല. വാടക കുത്തകക്കാരുടെയും കുടിശ്ശികയുടെയും കൃത്യമായ വിവരങ്ങളടങ്ങുന്ന പട്ടിക തയ്യാറാക്കിയും വാർഷിക ധനകാര്യ പത്രിക വാടക രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**(ബി) വാടക കുടിശിക-രജിസ്റ്ററിൽ കളക്ഷൻ വിവരം രേഖപെടുത്തിയതിന്റെ നിജസ്ഥിതി സംശയാസ്പദം**

എൽസമ്മ, പുരിയോട്ട് എന്നയാൾ 13.06.2018 തീയതിയിലെ 118040102341 രസീത് പ്രകാരം 50,121/- രൂപ കുടിശിക ഒടുക്കിയിട്ടുള്ളതായും കുടിശിക പൂർണ്ണമായും അടവാക്കിയതായും വാടക

രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, "interest കൂട്ടിയ തുക തെറ്റിപ്പോയതിനാൽ receipt ക്യാൻസൽ ചെയ്ത് പുതിയത് കൊടുക്കുന്നു" എന്ന് രേഖപ്പെടുത്തി 118040102341 നമ്പർ രസീത് ക്യാൻസൽ ചെയ്തിട്ടുള്ളതാണ്. അതേ ദിവസം ടിയാന്റെ പേരിൽ 118040102344 നമ്പർ രസീത് പ്രകാരം 46,401 രൂപ വാടക കുടിശികയിനത്തിൽ അടവുള്ളതായും കാണുന്നു. റദ്ദാക്കപ്പെട്ട രസീത് പ്രകാരമുള്ള തുക കളക്ഷനായി കണക്കാക്കിയ സാഹചര്യം വ്യക്തമല്ല. ഇക്കാര്യത്തിൽ ക്രമക്കേട് നടന്നിട്ടുണ്ടോയെന്നത് സംബന്ധിച്ച് കൂടുതൽ അന്വേഷണം അനിവാര്യമാണ്.

രജിസ്റ്റർ പ്രകാരം 33,34,35,43,45,46,47,48 എന്നീ നമ്പരിലുള്ള കടമുറികളുടെ 17-18ലെ വാടക കുടിശിക(ജി.എസ്.റ്റി, പിഴപ്പലിശ ഉൾപ്പെടെ) 1,66,618 രൂപ എന്നാണ് കണക്കാക്കിയിട്ടുള്ളത്. ടി തുകയിൽ 1,40,000/-രൂപ 11.10.2018 ലെ രസീത് നം. 118040500196 പ്രകാരം (ചെക്ക് നം. 218750 തീയതി 4.8.18) പ്രകാരം അടവാക്കിയിട്ടുണ്ട്. ബാക്കി നിൽക്കുന്ന 26,618 രൂപയിൽ 22,852 രൂപ ഇതേ രസീത് നമ്പർ പ്രകാരം 4.6.2018 ൽ ഒടുക്ക് വരുത്തിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി തീയതിയ്ക്ക് മുമ്പ് കുടിശ്ശികയായി നിലനിന്നിരുന്ന 26,618 രൂപയിൽ നിന്നും 22,852 രൂപ കുറച്ച് 3,766/- വാടക രജിസ്റ്ററിൽ വർഷാവസാന കുടിശ്ശിക തുകയായി കാണിച്ചിട്ടുണ്ട് (പേജ് നം.29). ടി പേജിൽ SD-16000/-,Rent paid എന്നീ രേഖപ്പെടുത്തലുകളുമുണ്ട്. ഒരേ രസീത് നമ്പരിൽ രണ്ട് തീയതികളിൽ തുക പിരിക്കുക അസംഭവ്യമാകയാൽ 4.6.18ലെ കളക്ഷൻ വിവരം രേഖപ്പെടുത്തിയതിന്റെ നിജസ്ഥിതി വ്യക്തമല്ല.

ടി അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റന്വേഷണ കുറിപ്പിന് (നം.30) മറുപടി ലഭിച്ചിട്ടില്ല. തെറ്റായ രസീത് നമ്പരുകൾ നൽകി തുക ഒടുക്കിയിട്ടുള്ളതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് സെക്ഷൻ കൈകാര്യം ചെയ്തിരുന്ന സീനിയർ ക്ലാർക്ക് ശ്രീ.റ്റി.ബിജേഷ് കുമാറിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ചയാണ്. ടിയാന്റെ വിശദീകരണം തേടേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ സാഹചര്യത്തിൽ 2018-19 ൽ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും അഡ്ജസ്റ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളതുൾപ്പെടെ എല്ലാ കളക്ഷൻ തുകകളുടെയും നിജസ്ഥിതി പരിശോധിച്ച് ആധികാരിക രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

**(സി) <u>തുക ഒടുക്കൽ-ശരിയായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല</u>**

കുടിശിക അടവാക്കിയതിന്റെ വിവരങ്ങൾ 431400102 ശീർഷകത്തിന്റെ (Rent Receivables from Buildings(Arrears)) ലെഡ്ജറുമൊത്ത് പരിശോധിച്ചതിൽ ചില കടമുറികളുടെ (നം.73, 75, 94, 98) തൻവർഷ വാടക തെറ്റായി ഈ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളതായി കാണുന്നുണ്ട്. അതുപോലെ, വാടക കുടിശിക ഒടുക്കിയത് തൻവർഷ വാടകയായി കണക്കിലെടുത്തിട്ടുള്ളതായും കാണുന്നുണ്ട്. ഉദാ: 1-ാം നമ്പർ മുറിയുടെ 2017-18 ലെ കുടിശിക 23.4.18 ലെ രസീത് നം.118040100591 പ്രകാരം ഒടുക്കിയിട്ടുള്ളത് 430400101 ശീർഷകത്തിലാണ്.

**(ഡി) <u>ഡെപ്പോസിറ്റ് തുകയിൽ വാടക കുടിശ്ശിക ക്രമീകരിച്ചത്-നിജസ്ഥിതി വ്യക്തമല്ല</u>**

പൊളിച്ചുനീക്കിയ കെട്ടിടങ്ങളുടെ വാടക കുടിശ്ശിക അതാത് കുത്തകക്കാരുടെ പേരിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും അഡ്ജസ്റ്റ് ചെയ്തു എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അപ്രകാരം ചെയ്തതായി കാണുന്നില്ല. വാടക രജിസ്റ്റർ പ്രകാരം ഏതാണ്ട് 1 കോടി 10 ലക്ഷം രൂപയിലധികം രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി രേഖപ്പെടുത്തി കാണുന്നുണ്ട്. എന്നാൽ, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവിധ ഡെപ്പോസിറ്റുകളുടെ (ബി-7)വിവരങ്ങൾ താഴെചേർക്കും പ്രകാരമാണ്.

| | |
|---|---|
| ലേല ഡെപ്പോസിറ്റ് | 2,80,610 |
| വാടക ഡെപ്പോസിറ്റ് | 32,196 |
| മറ്റ് ഡെപ്പോസിറ്റുകൾ | 1,03,56,942 |

മേൽപരാമർശിച്ച പ്രകാരം തുകകളുടെ ഒടുക്ക്, രേഖപ്പെടുത്തലുകൾ, ഡെപ്പോസിറ്റ് വിവരങ്ങൾ, കുടിശിക വരുത്തിയ കുത്തകക്കാരുടെ വിവരം തുടങ്ങിയ കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റന്വേഷണകുറിപ്പിന്(നം.30) മറുപടി ലഭിച്ചിട്ടില്ല. വാടക കുടിശ്ശിക ഡെപ്പോസിറ്റ് തുകയിൽ ക്രമീകരിച്ചിട്ടുള്ളതായി കാണിച്ചിട്ടുള്ള സംഗതികളിൽ കുടിശ്ശികക്കാരന്റെ പേരിൽ നിലനിന്നിരുന്ന ഡെപ്പോസിറ്റ് തുകയുടെ വിവരം, ക്രമീകരിച്ച തുക, ബാലൻസ് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. വാടക ഡെപ്പോസിറ്റിനത്തിൽ ആവശ്യത്തിന് തുകയില്ലാത്തത് കൊണ്ടാണ് കുടിശ്ശികയിലേയ്ക്ക് ആയത് അഡ്ജസ്റ്റ് ചെയ്യാൻ കഴിയാത്തത് എന്നാണ് എക്സിറ്റ് മീറ്റിംഗിൽ ലഭിച്ച വിവരം. സെക്യൂരിറ്റി നിക്ഷേപമായി മതിയായ തുക ഇല്ലാതിരിക്കെ വാടക കുടിശ്ശിക ഇതിൽ ക്രമീകരിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തി ആനുപാതികമായ തുക പഞ്ചായത്തിന്റെ നിക്ഷേപബാധ്യതയിൽ നിന്ന് കുറവ് ചെയ്യാത്ത നടപടി ക്രമവിരുദ്ധമാണ്. ഇത് സംബന്ധമായ വിവരം ക്രോഡീകരിച്ച ലിസ്റ്റ് സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-10 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ - അപാകതകൾ

തൻവർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിലാണ് .

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം. | കെട്ടിട നം. | സ്ഥാപന ഉടമയുടെ പേര് |
|---|---|---|---|
| 1 | 54 | 5/242 | മോഹനകുമാർ പി.ആർ., പുത്തേട്ട് |
| 2 | 137 | 5/68 | ആന്റണി ജോസഫ്, ഹിൽഡാ ബേക്കേഴ്സ് |
| 3 | 138 | 2/97 | സജി ജോസഫ്, പൊടിമറ്റത്തിൽ |
| 4 | 207 | 5/347 | എൻ.രാമകൃഷ്ണപിള്ള, പിച്ചകപ്പള്ളിൽ |
| 5 | 408 | 6/69 B | രാജേഷ് കെ.ബി., RAA ബിസിനസ്സ് ഗ്രൂപ്പ് |

ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണകുറിപ്പിന് (നം.21 തീയതി 29.10.19) സെക്രട്ടറി ചുവടെ ചേർക്കും പ്രകാരം മറുപടി നൽകിയിട്ടുണ്ട്. “ 5/242 നമ്പർ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനം 2019-20ൽ മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുള്ളതും ടി നമ്പരിൽ തുടർന്ന് മറ്റാർക്കും ലൈസൻസ് നൽകിയിട്ടില്ലാത്തതുമാണ്. 5/68, 2/97, 5/347 നമ്പർ കെട്ടിടങ്ങളുടെ ഉപയോഗക്രമം മാറ്റുന്നതിനായി നോട്ടീസ് നൽകിയിട്ടുള്ളതും ആയതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ലൈസൻസ് നൽകുന്നതുമാണ്. 6/69 ബി നമ്പർ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന RAA ബിസിനസ്സ് ഗ്രൂപ്പ് എന്ന സ്ഥാപനം നിലവിൽ പ്രവർത്തനമില്ലാത്തതുമാണ്”. ഏതാണ്ട് 150ൽപരം ലൈസൻസ് അപേക്ഷകളിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട കെട്ടിടങ്ങളുടെ വിവരമാണ് മേൽപ്പട്ടികയിൽ നൽകിയത്. ലൈസൻസ്

നൽകിയിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും ഉപയോഗക്രമം പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ വാണിജ്യ/വ്യവസായ, അനുബന്ധ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട **2500** ൽ അധികം കെട്ടിടങ്ങളുണ്ടെങ്കിലും വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുള്ളത് **513** സ്ഥാപനങ്ങൾ (പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുൾപ്പെടെ) മാത്രമാണ് എന്ന് മുൻ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-5 ൽ പരാമർശിച്ചിരുന്നു. തൻ വർഷം വാണിജ്യ/വ്യവസായ കെട്ടിടങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും ലൈസൻസ് അപേക്ഷകളുടെ എണ്ണം 494 ആയി കുറയുകയാണുണ്ടായിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 2 പെട്രോൾ പമ്പുകൾ പോലും 2018-19ൽ ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചിട്ടുള്ളത് എന്നത് നിസ്സാരമായി കാണാവുന്നതല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ നിന്ന് വ്യതിചലിച്ച് നിർമ്മിച്ചിട്ടുള്ളതും ക്രമവൽക്കരണം ആവശ്യമായ കെട്ടിടങ്ങളിൽ നിരവധി സംരംഭക സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിഭാഗത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാൻ കഴിയാത്തതും ഫീ ഈടാക്കാൻ കഴിയാത്തതുമായ അവസ്ഥ നിലനിൽക്കുന്നു(ഖ.1-11 കാണുക). ഇതിന്മേൽ ഫലപ്രദമായ ഭരണതല തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈസൻസ് സംബന്ധിച്ച് വിവിധ തീയതികളിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | തീരുമാനം |
|---|---|
| 5.5.18 | ലൈസൻസ് എടുത്തതും എടുക്കാത്തതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു. |
| 1.6.18 | ഡി&ഒ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു. |
| 2.7.18 | ലൈസൻസിന് അദാലത്ത് നടത്തണമെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു. |
| 28.7.18 | ലൈസൻസിന് അദാലത്ത് നടത്തണമെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു. |
| 27.9.18 | ഡി&ഒ ലൈസൻസ് അദാലത്ത് ഒക്ടോബറിൽ നടത്തുന്നതിന് തീരുമാനിച്ചു |

മേൽപ്പറഞ്ഞ തീരുമാനങ്ങളിൽ ഫലപ്രദമായ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. 2019-20 സാമ്പത്തിക വർഷം 05 വാർഡുകളുടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതും ബാക്കി 15 വാർഡുകളുടെ ലിസ്റ്റ് അടിയന്തിരമായി പൂർത്തീകരിച്ച് അദാലത്ത് നടത്തുന്നതുമാണ് എന്ന് ഓഡിറ്റിൽ മറുപടി നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുകയും ലൈസൻസില്ലാതെ യാതൊരു സ്ഥാപനവും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്നുറപ്പാക്കുകയും ലൈസൻസ് ഫീ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

## 1-11 കെട്ടിട നിർമ്മാണാനുമതി/ ക്രമവത്കരണം - തുടർനടപടികൾ സ്വീകരിച്ചില്ല

ശ്രീ.കൃഷ്ണകുമാർ സി., പുന്നാംപറമ്പിൽ, പൊൻകുന്നം എന്നയാളുടെ ഉടമസ്ഥതയിൽ റീസർവ്വേ നം.299/1-3ൽ പെട്ട സ്ഥലത്ത് പെർമിറ്റ് ഇല്ലാതെ നിർമ്മിച്ച 265.29 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിനായി 05.05.2018ൽ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയിൽ, 314.56 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം നിലവിലുള്ളതായി പറയുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനിയർ നൽകിയ സ്ഥലപരിശോധനാ റിപ്പോർട്ടിൽ "നിർദ്ദിഷ്ട കെട്ടിടത്തിന്റെ (ഷെഡ്) മുൻവശത്ത് പൂർണ്ണമായും 3.00 മീറ്റർ സെറ്റ് ബാക്ക് ലഭ്യമല്ല-തന്നെയുമല്ല ആവശ്യമായ 8 കാറിനുള്ള പാർക്കിംഗ് സൗകര്യവും ലഭ്യമല്ല. നിലവിലുള്ള കെട്ടിടത്തിന്റെ പിൻഭാഗത്ത് സെറ്റ് ബാക്ക് ലഭ്യമല്ല. ആയതിനാൽ ഫയൽ മടക്കുന്നു" എന്ന് പറയുന്നുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട കെട്ടിടത്തിന് കെ.പി.ബി.ആർ 2011 അനുസൃതമായി ആവശ്യമായ തുറസ്സായ സ്ഥലം, കാർ പാർക്കിംഗ് എന്നിവ നിലവിലില്ലാത്തതിനാൽ അപേക്ഷ നിരസിക്കുന്നു എന്ന് 26.05.2018 ലെ നമ്പർ ബി-3545/18 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതായും കാണുന്നു.

05.05.2018ലെ അപേക്ഷയിൽ നിലവിലുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള 314.56 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം 2013 മുതൽ ക്രമവത്കരിക്കപ്പെടാത്ത അവസ്ഥയാണുള്ളത്. ടി കെട്ടിടവും 265.29ച.മീ വിസ്തീർണ്ണമുള്ള ഷെഡ്ഡും അനധികൃത നിർമ്മാണമായി കണക്കിലെടുത്ത് 2011 ലെ കേ.പ.രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടം 20(1),(2),(3) എന്നിവയിൽ നിർദ്ദേശിച്ചതുപോലെ നടപടിക്രമം പാലിച്ച് മൂന്നിരട്ടി വസ്തുനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും അനധികൃത നിർമ്മാണങ്ങളുടെ കാര്യത്തിൽ കെ.പി.ബി.ആർ 2011 ൽ നിഷ്കർഷിക്കപ്പെടുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റന്വേഷണക്കുറിപ്പ് (നം.1 തീയതി 23.10.19) നൽകിയിരുന്നു. അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കുന്നതിന് ഗവണ്മെന്റുത്തരവ് പ്രകാരം അവസരം നൽകിയിരുന്നതിനാലാണ് കാലതാമസം നേരിട്ടത് എന്നും മറുപടി നൽകിയിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നിയമപരമായ നടപടികൾ സ്വീകരിക്കുന്നത് കൂടാതെ 2011 ലെ കേ.പ.രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടം 20(1),(2),(3) എന്നിവയിൽ നിർദ്ദേശിച്ചതുപോലെ നടപടിക്രമം പാലിച്ച് മൂന്നിരട്ടി വസ്തുനികുതി ഈടാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതും ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-12 വസ്തുനികുതി നിർണ്ണയത്തിൽ-അപാകതകൾ

### (എ) കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

(1) ശ്രീമതി ഇന്ദിരാ ദിവാകരൻ, ചിത്രാ ഭവൻ എന്നയാളുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുള്ള 112.7ച.മീ തറവിസ്തീർണ്ണമുള്ള 2/432എ നമ്പർ കെട്ടിടത്തിന് 100ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന ഗണത്തിൽപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

ലോഡ്ജിംഗ് ഗണത്തിൽപ്പെടുന്ന പ്രസ്തുത കെട്ടിടത്തിന്റെ സഞ്ചയ ഡാറ്റാ എൻട്രി പിശക് മൂലം ഉപയോഗക്രമം മാറി വന്നതാണ് എന്നും അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.11 തീയതി

26.10.19) മറുപടി നൽകിയിട്ടുണ്ട്.

(2) ശ്രീ.ബെന്നി തോമസ്, കന്നംപുറത്ത് എന്നയാളുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുള്ള 110.82ച.മീ തറവിസ്തീർണ്ണമുള്ള XI/432 Bനമ്പർ കെട്ടിടത്തിന് 100ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്ന ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചതായി കാണുന്നു.

സഞ്ചയ ഡാറ്റാ എൻട്രി പിശക് മൂലം ഉണ്ടായ മേൽ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണകുറിപ്പിന് (നം.11 തീയതി 26.10.19) മറുപടി നൽകിയിട്ടുണ്ട്. 100ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾക്ക് ബാധകമായ നിരക്കിൽ നികുതി പുനർനിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13038 കെട്ടിടങ്ങളുടെയും ഡേറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട് എന്നാണ് വാർഡ് തല വിവരങ്ങളുൾപ്പെടുന്ന ലിസ്റ്റ് കാണിക്കുന്നത്. എന്നാൽ നികുതി നിർണ്ണയവുമായും നിർമ്മാണാനുമതി/ ക്രമവത്കരണവുമായും ബന്ധപ്പെട്ട ഓഡിറ്റന്വേഷണകുറിപ്പുകൾക്ക് ഡേറ്റാ എൻട്രിയിൽ വന്ന പിശകാണെന്നും ഉപയോഗക്രമം/ വിസ്തീർണ്ണം മുതലായ വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയതുകൊണ്ടാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഡേറ്റാപ്യൂരിഫിക്കേഷൻ കൃത്യമായി നടന്നിട്ടില്ലെന്നാണ് ഇത്തരം മറുപടികൾ സൂചിപ്പിക്കുന്നത്. ആയതിനാൽ ഗ്രാമപഞ്ചായത്തിലെ 13038 കെട്ടിടങ്ങളുടെയും ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയായെന്നുള്ള റിപ്പോർട്ട് വസ്തുതാപരമല്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**(ബി) <u>വസ്തുനികുതി നിർണ്ണയം- കെട്ടിടങ്ങളുടെ ഉപയോഗക്രമം പ്രകാരമുള്ള തരംതിരിവ്-കൂടുതൽ പരിശോധന അനിവാര്യം</u>**

ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമങ്ങളിലുള്ള കെട്ടിടങ്ങളുടെ എണ്ണം പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ചില വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്ല്യാണ മണ്ഡപം, ലോഡ്ജ്, സിനിമ തിയേറ്റർ എന്ന ഉപയോഗ ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുള്ള 53 കെട്ടിടങ്ങളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. വാർഡ് 2 ൽ ഈ വിഭാഗത്തിൽ പെടുന്ന 9 കെട്ടിടങ്ങൾ മാത്രമാണുള്ളത്. പ്രതാപ് എം.കെ., ബാബുസദനം, രമാദേവി, ആണ്ടൂർമഠം, രാജിമോൾ, ആണ്ടൂർമഠം എന്നിവരുടെ ഉടമസ്ഥതയിലുള്ള 9 ലോഡ്ജ് കെട്ടിടങ്ങൾ(മുറികൾ) മാത്രമാണ് ടൗൺ വാർഡായ 2 ൽ ഈ വിഭാഗത്തിൽപെടുന്നതായിട്ടുള്ളത്. ഇത്രയും കുറവ് ലോഡ്ജ് മുറികൾ മാത്രമാണ് പൊൻകുന്നം ടൗണിലെ കെട്ടിടങ്ങളിലുള്ളത് എന്ന കണക്കാക്കലിന്റെ കൃത്യത സംശയകരമാണ് എന്നത് കെട്ടിടങ്ങളുടെ നികുതി നിർണ്ണയം ശരിയായ ഉപയോഗക്രമത്തിന്റെയടിസ്ഥാനത്തിലല്ല നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുന്നു.

2) അതുപോലെ, ധാരാളം ആരാധനാലയങ്ങളുള്ള ഗ്രാമപഞ്ചായത്തിൽ ചിറക്കടവ് ദേവീക്ഷേത്രം, ഹോളിഫാമിലി ചർച്ച് എന്നിവക്ക് മാത്രമാണ് അസംബ്ലി ഹാൾ/ ആഡിറ്റോറിയം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുള്ളതായി കാണുന്നത്.

3) മദർ പ്രൊവിൻഷ്യൽ, അഡോറേഷൻ കോൺവെന്റിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം (159 ച.മീ)

ആരാധനാലയങ്ങളുടെ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുള്ള ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.32 തീയതി 31.10.2019) മറുപടി ലഭിച്ചിട്ടില്ല. ഫീൽഡ്തല അന്വേഷണത്തിലൂടെ മേൽപ്പറഞ്ഞതുൾപ്പെടെ ടി വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങളുടെ ശരിയായ ഉപയോഗക്രമം നിർണ്ണയിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ജീവനക്കാരുടെ/സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്യാത്തത്/ഈടാക്കാത്തത് -സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ബാങ്ക്/ധനകാര്യ/ഇതര സ്ഥാപനങ്ങളെയും തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുത്തുകയോ അവയിൽ നിന്നും 2018-19 സാമ്പത്തികവർഷം ജീവനക്കാരുടെ/സ്ഥാപനതൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. പൊൻകുന്നം ടൗണിലുള്ള ഇത്തരം ഏതാനും സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | പൊൻകുന്നം ചിറ്റ്സ്, പൊൻകുന്നം |
| 2 | വെള്ളക്കല്ലുങ്കൽ ബാങ്കേഴ്സ്, പൊൻകുന്നം |
| 3 | ഫോർ യു ഫിനാൻസ്, അട്ടിക്കൽ |

മേൽപ്പറഞ്ഞത് കൂടാതെ വിവിധ അക്ഷയകേന്ദ്രങ്ങൾ, റേഷൻകടകൾ, കള്ള് ഷാപ്പുകൾ, നാല് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ, റബ്ബറുല്പാദക സഹകരണ സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളെയും തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ/ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | സ്ഥാപനം | തൊഴിൽനികുതി (ജീവനക്കാർ)അർദ്ധവർഷം | തൊഴിൽ നികുതി (സ്ഥാപനം)അർദ്ധവർഷം |
|---|---|---|---|
| 1 | പൊൻകുന്നം അർബൻ കോ- ഓപ്പറേറ്റീവ് സൊസൈറ്റി | | 2 |
| 2 | കല്യാൺ ജ്യുവലേഴ്സ് | | 2 |
| 3 | ദേവസ്വം ബോർഡ് ഓഫീസ്, ചെറുവള്ളി | 2 | 2 |

| | | | |
|---|---|---|---|
| 4 | സെന്റ് അപ്രേംസ് യു.പി.സ്കൂൾ, ചിറക്കടവ് | 2 | 2 |
| 5 | സെന്റ് ആന്റണീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡീസ് പൊൻകുന്നം | | 2 |
| 6 | വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | | 2 |

മേൽപരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.16ന് മറുപടി ലഭിച്ചിട്ടില്ല. നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-14 ഇ-ടെൻഡർ ഫീസ് -ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നു

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ഈ തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2018-19 വർഷം ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942 /2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും എസ്.ബി.ഐ.യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ചിറക്കടവ് ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ഇ-ടെൻഡർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള 83,284 രൂപ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടികളും അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

| ക്രമ നം. | പ്രോജക്ട് നം.& പ്രോജക്ടിന്റെ പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ടെൻഡർ ഫീസ് 12% ജി.എസ്.ടി. ഉൾപ്പെടെ | ആകെ ടെൻഡർ ഫീസ് | എസ്റ്റിമേറ്റ് തുക |
|---|---|---|---|---|---|
| 1 | 91/19, എസ്.എൻ.ഡി.പി.പ്പടി-കറുത്തമഞ്ഞാടിപ്പടി റോഡ് | 3 | 1,232 | 3,696 | 5,50,000 |

| | | | | | |
|---|---|---|---|---|---|
| | കോൺക്രീറ്റിംഗ് വാർഡ് -12, 13 | | | | |
| 2 | 51/19, മാന്തറത്തോട്ടം ചെക്ക് ഡാം | 3 | 1,120 | 3,360 | 5,00,000 |
| 3 | 61/19, രാജേന്ദ്രമൈതാനം സ്വാതന്ത്ര്യസമര സ്മാരകം | 2 | 2,800 | 5,600 | 25,00,000 |
| 4 | 84/20, ചരളേൽപടി-ചിറയ്ക്കപടി റോഡ് മെയിന്റനൻസ് വാർഡ്-14 | 2 | 1,120 | 2,240 | 5,00,000 |
| 5 | 172, വാഴവേലിപ്പടി വയലിൽപടി റോഡിന്റെ ടാങ്ക്പടി കഴിഞ്ഞ് തുടർച്ചയായി ബാക്കി വരുന്ന മഞ്ഞാക്കൽ ഭാഗം, തേക്കുംതോട്ടം ഭാഗം | 3 | 1,904 | 5,712 | 8,50,000 |
| 6 | 249, പുളിമൂട് മൂങ്ങത്ര റോഡ് വാർഡ്-9 | 3 | 1,344 | 4,032 | 6,00,000 |
| 7 | 406, ശ്മശാനം റോഡ് മെയിന്റനൻസ് ചുറ്റമതിൽ നിർമ്മാണം | 2 | 2,800 | 5,600 | 16,36,000 |
| 8 | 388, ആനവേലി- തമ്പലക്കാട് റോഡ് -കലുങ്ക് നിർമ്മാണം | 2 | 2,800 | 5,600 | 15,00,000 |
| 9 | 311, ശ്മശാനം | 2 | 1,826 | 3,652 | 8,15,000 |
| 10 | 277, വെൽഫയർ സെന്റർ നിർമ്മാണം | 3 | 2,800 | 8,400 | 18,00,000 |
| 11 | 257, മഞ്ഞാവ് കുടിവെള്ള പദ്ധതി | 3 | 2,800 | 8,400 | 15,00,000 |
| 12 | 419, ശാന്തിഗ്രാം കോളനി പൊതുസ്ഥലം മെയിന്റനൻസ് | 1 | 1,792 | 1,792 | 7,99,990 |
| 13 | ശ്മശാന നിർമ്മാണം പൂർത്തീകരണം-3030496 | 3 | 2,800 | 8,400 | 30,30,496 |
| 14 | കർഷക മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 2 | 8,400 | 16,800 | 5,00,00,000 |
| | **ആകെ** | | | **83,284** | |

## 1-15 പ്രത്യേക ആവശ്യത്തിനുള്ള ഗ്രാന്റുകൾ - ദീർഘകാലമായി പഞ്ചായത്ത് ഫണ്ടിന് ബാധ്യത- തുടർനടപടി സ്വീകരിയ്ക്കാത്തത് സംബന്ധിച്ച്

31.03.2019-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേക ആവശ്യത്തിനായി ലഭിച്ച ഗ്രാന്റുകൾ പഞ്ചായത്ത് ഫണ്ടിൽ 3 മുതൽ 5 വരെ വർഷങ്ങളിലധികമായി ബാധ്യതയായി അവശേഷിക്കുന്നു. പ്രസ്തുത ഗ്രാന്റുകൾ ലഭ്യമായതിന്റെ ഉദ്ദേശ്യം സംബന്ധിച്ച വിശദാംശം പഞ്ചായത്തിലെ രജിസ്റ്ററിലോ രേഖകളിലോ ലഭ്യമല്ല. ഗ്രാന്റുകൾ അക്കൗണ്ട് ചെയ്ത കണക്ക് ശീർഷകങ്ങളുടെ ലഡ്ജറിലെ രേഖപ്പെടുത്തൽ പ്രകാരമുള്ള വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | തുക |
|---|---|---|
| 1. | അങ്കണവാടി പോഷകാഹാരം | 13,27,772 |
| 2. | നിർമ്മൽ പുരസ്കാര തുക അവസാന ഗഡു | 2,50,000 |
| 3. | ശുചിത്വമിഷൻ ഫണ്ട് | 26,37,432 |
| 4. | പൈക | 58,175 |
| 5 | പ്രത്യേകാവശ്യ ഗ്രാന്റ് | 19,29,142 |
| 6 | സംയുക്ത പ്രോജക്ട് (ബ്ലോക്ക് വിഹിതം) | 31,52,547 |
| | **ആകെ** | **93,55,068** |

മേൽ വിവരിച്ച ഗ്രാന്റുകളുടെ ആകെത്തുക 93,55,068 ലക്ഷം രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. പ്രസ്തുത ഗ്രാന്റുകളിൽ ക്രമ നം.5 എന്നത് ഏതേത് ആവശ്യങ്ങൾക്കായി ലഭിച്ചതാണെന്ന് വ്യക്തമല്ല. പഞ്ചായത്ത് ഫണ്ടിൽ ദീർഘകാലമായി നിലനിൽക്കുന്ന 93,55,068 ലക്ഷം രൂപയുടെ ഗ്രാന്റ് തുക നിർദ്ദേശിക്കപ്പെട്ട ആവശ്യത്തിന് ചെലവഴിക്കുകയോ അല്ലാത്തപക്ഷം തിരികെ അടവാക്കിയോ പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്. പഞ്ചായത്തിന് ലഭ്യമാകുന്ന ഗ്രാന്റ് തുകകളുടെ എല്ലാ വിശദാംശങ്ങളും രജിസ്റ്ററിൽ ചേർത്ത് ഫണ്ട് വിനിയോഗം നിരീക്ഷിക്കേണ്ടതാണ്. മേൽപറഞ്ഞ നടപടികൾ പൂർത്തീകരിയ്ക്കാത്തതിന്റെ കാരണം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ദിവസ വേതന വ്യവസ്ഥയിലുള്ള ജീവനക്കാരുടെ നിയമനം - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1) ദിവസ വേതന വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ നിയമനം 179 ദിവസത്തിൽ കൂടുതലുണ്ടെങ്കിൽ സർക്കാറിൽ നിന്നും അനുമതി വേണമെന്ന് ജി.ഒ(പി) നം.28/16/ധന/26.02.16 അനുശാസിക്കുന്നുണ്ട്. പഞ്ചായത്തിൽ ദിവസ വേതന വ്യവസ്ഥയിൽ ചുവടെ ചേർക്കുന്ന ജീവനക്കാർ 2018-19 വർഷം ജോലി ചെയ്തിട്ടുണ്ട്.

| ക്രമ നം. | ജീവനക്കാരന്റെ പേര്/തസ്തിക |
|---|---|
| 1 | ജോസ് മാത്യു, ഫെറിമാൻ |
| 2 | എം.കെ.രാജു, വിപിൻ, ജ്യോതിഷ് - ബസ്സ്റ്റാന്റ് ശുചീകരണം |

| | |
|---|---|
| 3 | സുധീഷ് രാജു, കംഫർട്ട് സ്റ്റേഷൻ ശുചീകരണം |
| 4 | കെ.റ്റി.ചാക്കോ, ഓഫീസ് സ്വീപ്പർ |
| 5 | രവി, ടൗൺ ക്ലീനിംഗ് വാഹന ഡ്രൈവർ |
| 6 | ബിനോ മാത്യു, ടൗൺ ഹാൾ ക്ലീനിംഗ് |

ഫുൾ ടൈംഓഫീസ് സ്വീപ്പർ കൂടാതെ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലെ വിവിധ നിലകളുടെ ശുചീകരണത്തിനായി ഓരോ മാസവും ഓരോ കുടുംബശ്രീ അംഗങ്ങളെയും നിയമിച്ചിട്ടുണ്ട്. എന്നാൽ എൽഎസ്ജിഡി എഞ്ചിനീയർ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ സ്വീപ്പിംഗ് ഏരിയ കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നില്ല. നിയമനങ്ങൾക്ക് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും നിയമനം സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനവും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(18/29.10.19)യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. നിയമാനുസൃതനടപടിക്രമങ്ങൾ പാലിക്കാതെ നടത്തുന്ന നിയമനങ്ങൾക്ക് വേതനമിനത്തിൽ ചെലവഴിക്കുന്ന തുക അതതു കാലയളവുകളിലെ സെക്രട്ടറിമാരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. സർക്കാർ അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഓഫീസ് ശുചീകരണത്തിനായി നിയമിച്ച കുടുംബശ്രീ അംഗത്തിന് അധിക നിരക്കിൽ വേതനം നൽകി

ഗ്രാമ പഞ്ചായത്ത് ഓഫീസ് 04/18, 05/18 മാസങ്ങളിൽ ശുചീകരിച്ചതിന് ശ്രീമതി മായാ ചന്ദ്രദാസ് എന്ന കുടുംബശ്രീ അംഗത്തിന് 630 രൂപ നിരക്കിലാണ് വേതനം അനുവദിക്കേണ്ടിയിരുന്നത്(ജി.ഒ.(പി)56/17/ധന/28.04.17 പ്രകാരം). എന്നാൽ 650 രൂപ നിരക്കിൽ വേതനം നൽകിയതായി കാണുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | അനുവദിച്ച തുക | അനുവദിക്കാമായിരുന്ന തുക | കൂടുതൽ നൽകിയത് | ബിൽ നം./ തീയതി |
|---|---|---|---|---|
| 04/18 | 22x650=14300 | 22 x 630 = 13860 | 440 | 190/31.05.18 |
| 05/18 | 13x650 =8450 | 13 x 630 = 8190 | 260 | |
| | | **ആകെ** | **700** | |

അധികം അനുവദിച്ച തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

### 1-17 പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ-ശുചീകരണ ജീവനക്കാരന് ഉയർന്ന നിരക്കിൽ വേതനം നൽകി-അധിക ചെലവ് നിരാകരിക്കുന്നു

ഗ്രാമ പഞ്ചായത്ത് പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ ശുചീകരണത്തൊഴിലാളിയായ സുധീഷ് രാജു എന്ന ദിവസ വേതന ജീവനക്കാരന് പരമാവധി അനുവദിക്കാവുന്നതിലും അധികം വേതനം നൽകിയതായി കാണുന്നു.(ജി.ഒ(പി)56/17/ധന/28.04.17 പ്രകാരം 30.06.18 വരെ 17,025 രൂപ, ജി.ഒ(പി)112/18/ധന/21.07.18 പ്രകാരം 01.07.18 മുതൽ 31.03.19 വരെ 17,420 രൂപ എന്ന നിരക്കിലാണ് പരമാവധി അനുവദിക്കേണ്ടത് )വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | പരമാവധി അനുവദിക്കാവുന്ന വേതനം | അനുവദിച്ച വേതനം | അധികം അനുവദിച്ചത് | ചെക്ക് നം/തീയതി |
|---|---|---|---|---|
| 03/18 | 17,025 | 20150 | 3,125 | 602487/04.04.18 |
| 4/18 | 17,025 | 19500 | 2,475 | 602579/03.05.18 |
| 05/18 | 17,025 | 19500 | 2,475 | 602735/05.06.18 |
| 06/18 | 17,025 | 19500 | 2,475 | 606063/03.07.18 |
| 07/18 | 17,420 | 20150 | 2,730 | 606203/02.08.18 |
| 08/18 | 17,420 | 19500 | 2,080 | 606247/01.09.18 |
| 09/18 | 17,420 | 19500 | 2,080 | 606397/04.10.18 |
| 10/18 | 17,420 | 19500 | 2,080 | 606492/03.11.18 |
| 11/18 | 17,420 | 18850 | 1,430 | 606575/04.12.18 |
| 12/18 | 17,420 | 19500 | 2,080 | 606677/05.01.19 |
| 01/19 | 17,420 | 18850 | 1,430 | 606765/04.02.19 |
| | അധികം അനുവദിച്ചത് | | 24,460 | |

സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക നിരക്കിൽ തുക അനുവദിച്ചതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (6/24.10.19)മറുപടിയിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന് വിധേയമായി ജീവനക്കാരൻ അധിക ജോലി ചെയ്തതിന് അധിക വേതനം നൽകേണ്ട സാഹചര്യം ഉണ്ടായി എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ഇത് സംബന്ധിച്ചുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനം ഹാജരാക്കിയിരുന്നില്ല. സർക്കാറിൽ നിന്നും മുൻകൂർ അനുമതിക്കായി നടപടി സ്വീകരിച്ചിട്ടുമില്ല. മേൽവിവരിച്ച കാരണങ്ങളാൽ അധികമായി ചെലവഴിച്ച 24,460 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-18 ദിവസ വേതന ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ വേതനം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് ഓഫീസ് ശുചീകരണ പ്രവർത്തനങ്ങൾക്കായി രണ്ടു ജീവനക്കാരെയും, ടൗൺ ശുചീകരണ പ്രവർത്തനങ്ങൾക്കായി മൂന്നു ജീവനക്കാരെയും ദിവസ വേതന വ്യവസ്ഥയിൽ 2018-19 വർഷം നിയമിച്ചിരുന്നു. ചുവടെ ചേർക്കുന്ന മാസങ്ങളിൽ ജീവനക്കാർക്ക് പരമാവധി അനുവദിക്കാവുന്നതിലും അധികം വേതനം ഉയർന്ന നിരക്കിൽ നൽകിയതായി കാണുന്നു. (ജി.ഒ(പി)56/17/ധന/28.04.17 പ്രകാരം 30.06.18 വരെ 17025 രൂപ, ജി.ഒ(പി)112/18/ധന/21.07.18 പ്രകാരം 01.07.18 മുതൽ 31.03.18 വരെ 17,420 രൂപ എന്ന നിരക്കിലാണ് പരമാവധി

അനുവദിക്കാവുന്നത്.)

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരൻ | മാസം | ബിൽ നം./ തീയതി | ചെക്ക് നം./ തീയതി | പരമാവധി അനുവദിക്കാവുന്ന വേതനം | അനുവദിച്ച വേതനം | അധികം നൽകിയത് |
|---|---|---|---|---|---|---|
| കെ.റ്റി.ചാക്കോ,<br>ഫുൾ ടൈം സ്വീപ്പർ | 03/18 | 14/4.4.18 | 602484/<br>04.04.18 | 17,025 | 18,000 | 975 |
| | 4/18 | 103/02.05.18 | 602574/<br>02.05.18 | 17,025 | 18,000 | 975 |
| | 08/18 | 526/01.09.18 | 606246/<br>01.09.18 | 17,420 | 17,675 | 255 |
| | 09/18 | 629/04.10.18 | 606394/<br>04.10.18 | 17,420 | 17,675 | 255 |
| | 12/18 | 894/05.01.19 | 606673/<br>05.01.19 | 17,420 | 17,675 | 255 |
| | 01/19 | 993/04.02.19 | 606756/<br>04.02.19 | 17,420 | 17,675 | 255 |
| ശുചീകരണ തൊഴിലാളികൾ<br>-എം.കെ.രാജു<br>-ബിപിൻ<br>-ജ്യോതിസ് | 3/18 | 18/4.4.18 | 602489,602490, 602491/<br>04.04.18 | 17025 x 3 = 51,075 | 18600 x 3 =55,800 | 4725 |
| | 04/18 | 105/03.05.18 | 602575,602576, 602577/<br>03.05.18 | 17025 x 3 = 51,075 | 18000 x 3 =54,000 | 2925 |

| | | | | | | |
|---|---|---|---|---|---|---|
| | 08/18 | 528/01.09.18 | 606248,606249, 606250/ 01.09.18 | 17420 x 3 = 52,260 | 17675 x 3 =53,025 | 765 |
| | 09/18 | 631/04.10.18 | 606498,606499, 606400/ 4.10.18 | 17420 x 3 = 52,260 | 17675 x 3 = 53,025 | 765 |
| | 10/18 | 712/02.11.18 | 606485,606486, 606487/ 02.11.18 | 17420 x 3 = 52,260 | 17675 x 3 =53,025 | 765 |
| | 11/18 | 799/04.12.18 | 606576,606577, 606578/ 04.12.18 | 17420 x 3 = 52,260 | 17675 x 3 =53,025 | 765 |
| | 12/18 | 895/05.01.19 | 606674,606675, 606676/ 05.01.19 | 17420 x 3 = 52,260 | 17675 x 3 =53,025 | 765 |
| | 01/19 | 998/04.02.19 | 606761,606762, 606763/ 04.02.19 | 17420 x 3 = 52,260 | 17675 x 3 =53,025 | 765 |
| | 02/19 | 1101/05.03.19 | 606872,606873, 606874/ 05.03.19 | 17420 x 3 = 52,260 | 17675 x 3 =53,025 | 765 |
| | ആകെ അധികം അനുവദിച്ചത് | | | | | 15,975 |

സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക നിരക്കിൽ തുക അനുവദിച്ചതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (05/24.10.19) തുക തിരികെ ഈടാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിർണ്ണയിക്കപ്പെട്ട വേതനത്തിൽ അധികമുണ്ടാകുന്ന ചെലവ് തുക അനുവദിക്കുന്ന സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യത ആയിരിക്കുന്നതാണ്. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 തനത് ഫണ്ട് ചെലവുകൾ

**1) തനത് ഫണ്ട് ചെലവുകൾ - വിവരങ്ങൾ ലഭ്യമാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു**

ചുവടെ പട്ടികയിൽ ചേർത്തിട്ടുള്ള വിവിധ തനതുഫണ്ട് ചെലവുകൾ സംബന്ധിച്ച അധിക വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 18/29.10.19 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| ബിൽ നം./ തീയതി | ചെലവ് | തുക | റിമാർക്ക്സ് |
|---|---|---|---|
| 237/02.06.18 | കോയിപ്പള്ളി പമ്പ് ഹൗസിന്റെ കറന്റ് ബിൽ | 1,582 | കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറിയിട്ടുള്ളത് സംബന്ധിച്ച വിവരം. തുക പഞ്ചായത്ത് ഫണ്ടിൽ നിന്ന് ഒടുക്കുന്ന സാഹചര്യം വ്യക്തമല്ല. |
| 585/19.09.18 | പ്ലാസ്റ്റിക്ക് ശേഖരണ കൂലി - ശ്രീധരാ എർത്ത് മൂവേഴ്സ് പൊൻകുന്നം, കെ. എ നാസർ | 3000, 7000 | 14/19 നം. പ്രോജക്ടിൽ നിന്നും തനത് ഫണ്ടിൽ നിന്നും ചെലവായ തുക റീക്കുപ്പ് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല. |
| 669/24.10.18 | 23-ാം നമ്പർ അങ്കണ വാടി -താത്കാലിക വയറിംഗ് | 7,295 | താത്കാലിക വയറിംഗ് ചെയ്യാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല . |
| 1152/13.03.19 | വിമുക്തി ലഹരി വിരുദ്ധപ്രവർത്തനം | 12,155 | എക്സൈസ് ഇൻസ്പെക്ടർ (എരുമേലി) തുക കൈമാറി.<br>ചെലവ് വിശദാംശങ്ങൾ അനുബന്ധ വൗച്ചറുകൾ ഇവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. |
| 1170/14.03.19 | വിമുക്തി ലഹരി വിരുദ്ധപ്രവർത്തനം | 2,845 | എക്സൈസ് ഇൻസ്പെക്ടർ (എരുമേലി)യ്ക്ക് സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങാൻ തുക കൈമാറി. ചെലവ് വിശദാംശങ്ങൾ അനുബന്ധ വൗച്ചറുകൾ ഇവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. |

വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 33,877 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**2) <u>പൊതുടാപ്പുകളുടെ വാട്ടർചാർജ്-സംയുക്ത പരിശോധന നടത്തിയ വിവരങ്ങൾ ലഭ്യമായില്ല-തുക തടസ്സപ്പെടുത്തുന്നു</u>**

ഗ്രാമപഞ്ചായത്തിലെ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ

18/29.10.19 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. 2018-19ൽ 55 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ചെക്ക് നം./തീയതി | തുക |
|---|---|---|
| 1 | 709210/19.4.18 | 24,063 |
| 2 | 602733/14.6.18 | 24,063 |
| 3 | 709265/2.8.18 | 24,063 |
| 4 | 606244/1.9.18 | 24,063 |
| 5 | 864699/28.9.18 | 24,063 |
| 6 | 606478/30.10.18 | 24,063 |
| 7 | 462492/23.11.18 | 24,063 |
| 8 | 462507/19.12.18 | 24,063 |
| 9 | 462528/23.1.19 | 24,063 |
| 10 | 951057/21.2.19 | 24,063 |
| 11 | 951083/16.3.19 | 24,063 |
| **ആകെ** | | **2,64,693** |

സംയുക്ത പരിശോധന സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾക്ക് വേണ്ടി മാത്രമുള്ള തുകയാണോ ഒടുക്കി വരുന്നതെന്ന് വ്യക്തമല്ല. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ ലൊക്കേഷൻ വിവരങ്ങൾ(വാർഡ്, സ്ഥാനം)ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ക്രോഡീകരിച്ച് രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും ടിയിനത്തിൽ പാഴ്ചെലവ് ഉണ്ടാകുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. വിശദാംശങ്ങൾ ലഭ്യമാക്കുന്നത് വരെ വെള്ളക്കരമിനത്തിൽ ചെലവഴിച്ച 2,64,693 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**3) <u>വാടക ഡെപ്പോസിറ്റ് റീ ഫണ്ട്-അപാകതകൾ</u>**

പഞ്ചായത്തിന്റെ ടൗൺ ഹാൾ വിവാഹാവശ്യങ്ങൾക്കും മറ്റും വാടകയ്ക്ക് എടുക്കുന്നവരുടെ വാടക ഡെപ്പോസിറ്റ്, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് വാടകക്കാരുടെ ഡെപ്പോസിറ്റ് വിവരങ്ങൾ/ ആയവ തിരികെ നൽകുന്ന വിവരങ്ങൾ എന്നിവ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം./ തീയതി | ഡെപ്പോസിറ്റ് വിവരം | തുക | റിമാർക്സ് |
|---|---|---|---|
| 118/08.05.18 | ടൗൺ ഹാൾ റെന്റ് ഡെപ്പോസിറ്റ് - റീഫണ്ട്- ഷാജി തകടിയേൽ | 3,500 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 119/7.5.18 | ടൗൺ ഹാൾ റെന്റ് ഡെപ്പോസിറ്റ് - റീഫണ്ട് - മിനി | 3,500 | റീഫണ്ട് വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |

| | | | |
|---|---|---|---|
| | സഫർ | | |
| 164/10.5.18 | വാടക ഡെപ്പോസിറ്റ് തിരികെ - എം റ്റി അശോകൻ | 20,200 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 443/03.08.18 | ബിഡ്ഡേഴ്സ് SD-<br>ബിഡ്ഡേഴ്സ് EMD-<br>റിയാസ് അരിക്കപ്പറമ്പിൽ | 50,000<br>50000,<br>1 ലക്ഷം | ഡെപ്പോസിറ്റ്, റീഫണ്ട് വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ ചേർത്തിട്ടില്ല |

2018-19 ൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് demolished building ൽ നിന്നുള്ള വാടകക്കാരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകിയിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് പ്രകാരമുള്ള മുന്നിരിപ്പിൽ പ്രസ്തുത തുകകളൊന്നും പ്രതിഫലിക്കുന്നില്ല. വാടക സെക്യൂരിറ്റി ഡെപ്പോസിറ്റ് കണക്കുകൾ പഞ്ചായത്ത് കൃത്യമായി സൂക്ഷിയ്ക്കാത്ത സാഹചര്യത്തിൽ, വാടകക്കാർ ഹാജരാക്കുന്ന രസീതുകളുടെ അടിസ്ഥാനത്തിൽ മാത്രം തുക റീഫണ്ട് ചെയ്യുന്ന നിലവിലെ സ്ഥിതി ക്രമക്കേടുകൾക്ക് കാരണമാകാവുന്നതാണ്. ഡെപ്പോസിറ്റ് കണക്കുകൾ കൃത്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിവരങ്ങളുടെ അഭാവത്തിൽ റീഫണ്ടിനത്തിൽ ചെലവഴിച്ച 2,27,200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വാടക ഡെപ്പോസിറ്റ് വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമാക്കി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 പഞ്ചായത്ത് വാഹന സൂക്ഷിപ്പ് സംബന്ധിച്ച്

വാഹന സൂക്ഷിപ്പ് സംബന്ധിച്ച സർക്കുലർ നം.41/2008/ധന/08/2008 പ്രകാരം, ഇന്ധന ക്ഷമതാ ടെസ്റ്റ് എല്ലാ വർഷവും കൃത്യമായി നടത്തി സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് വാഹനമായ KL34B/3864 ബൊലേറോ ജീപ്പിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് 22.03.17 ലാണ് അവസാനമായി നടത്തിയിരിക്കുന്നത്.

വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്ന ധാരാളം സന്ദർഭങ്ങൾ പഞ്ചായത്തിലുണ്ടാകുന്നുണ്ട്. മാസം ശരാശരി നാല് പ്രാവശ്യമെങ്കിലും ഇപ്രകാരം മറ്റ് വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നുണ്ട്. പഞ്ചായത്ത് വാഹനം ലഭ്യമായിരിക്കുമ്പോൾ മറ്റ് വാഹനങ്ങൾ കൂടുതൽ തവണ വാടകയ്ക്ക് എടുക്കുന്ന സാഹചര്യം വ്യക്തമല്ല. വാഹന ലോഗ് ബുക്കിലെയും വൗച്ചറുകളിലെയും രേഖപ്പെടുത്തലിലെ കൃത്യതയും വാഹനഉപയോഗത്തിന്റെ ആവശ്യകതയും കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-21 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

**1) ഗ്യാസ് സിലിണ്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

പഞ്ചായത്ത് ശ്മശാനത്തിലെ ഉപയോഗത്തിനായി ബിൽ നം.782/29.11.18 പ്രകാരം 16 ഗ്യാസ് സിലിണ്ടറുകൾ 25,696 രൂപ(ഒന്നിന് 1,606 രൂപ നിരക്കിൽ) ചെലവഴിച്ച് വാങ്ങിയിരുന്നു.

എന്നാൽ ഗ്യാസ് സിലിണ്ടറുകളുടെ ഉപയോഗം സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ നാളിതുവരെ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഗ്യാസ് സിലിണ്ടറുകൾ ലഭിച്ചതും ഉപയോഗിച്ചതും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

**2) ജനറേറ്ററിന്റെ ഡീസൽ ഉപയോഗം - ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല**

പഞ്ചായത്തിൽ ഉപയോഗിച്ചുവരുന്ന ജനറേറ്റർ പ്രവർത്തിപ്പിക്കുന്നതിന് ഡീസൽ വാങ്ങുന്നതിനായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഡീസൽ ഉപഭോഗം സംബന്ധിച്ച ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിവാക്കപ്പെട്ട (demolished building)കെട്ടിട മുറികളുടെ വൈദ്യുത ചാർജ് കുടിശ്ശിക പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അടവാക്കി

കെ.എസ്.ഇ.ബി. പൊൻകുന്നം ഇലക്ട്രിക്കൽ സെക്ഷൻ സബ് എഞ്ചിനീയറുടെ 12/18 ലെ കത്തിന്റെ അടിസ്ഥാനത്തിൽ, ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വൈദ്യുതി വിച്ഛേദിക്കാനുള്ള ചാർജ്ജും കുടിശ്ശികയും ഉൾപ്പെടെ 21,408 രൂപ ബിൽ നം.848/21.12.18 പ്രകാരം കെ.എസ്.ഇ.ബി. പൊൻകുന്നം ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ കുടിശ്ശികയിനത്തിലെ തുക എത്രയെന്നോ, എന്നു മുതലുള്ള കുടിശ്ശികയാണെന്നോ കത്തിൽ കൃത്യമായി പരാമർശിക്കുന്നില്ല. വൈദ്യുത ചാർജ് കുടിശ്ശിക അടവാക്കേണ്ടത് മുറി വാടകക്കാരന്റെ ചുമതലയാണ്. കുടിശ്ശികയിനത്തിൽ പഞ്ചായത്ത് അടവാക്കിയ തുക മുറികളൊഴിഞ്ഞ വാടകക്കാരുടെ വാടക ഡെപ്പോസിറ്റിൽ നിന്നും ഈടാക്കിയതായും കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (നം.27/30.10.19) ലഭ്യമാക്കിയില്ല. വാടകക്കാരിൽ നിന്ന് ഈടാക്കേണ്ട വൈദ്യുത ചാർജ് കുടിശ്ശിക പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അടവാക്കിയ സാഹചര്യത്തിൽ ചെലവഴിച്ച 21,408 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-23 ബാലസഭാ പ്രവർത്തനം-സബ്സിഡി മാർഗ്ഗരേഖ അധികരിച്ച ചെലവ്

**1) ബാലസഭാ പെൺകുട്ടികൾക്ക് മാർഷ്യൽ ആർട്ട്സ് പരിശീലനം - അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നം | 29/19 |
| ചെലവ് | 72,550 (വികസനഫണ്ട്(പൊതു)) |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ്, ഗവ.എൻ.എസ്.എൽ.പി സ്കൂൾ, ചിറക്കടവ് |

എസ്.ആർ.വി. എൻ.എസ്.എസ്. എച്ച്.എസ്.എസ്. ചിറക്കടവ് സ്കൂളിലെ 50 വിദ്യാർത്ഥിനികൾക്ക് 22 ദിവസത്തെ തായ്ക്കൊണ്ട പരിശീലനത്തിനായി പരിശീലകന് നൽകാനുള്ള ഫീസ്, യൂണിഫോം, ലഘുഭക്ഷണ ചെലവ് എന്നീ ഇനങ്ങളിലാണ് പ്രസ്തുത പ്രോജക്ടിലൂടെ തുക ചെലവഴിച്ചിരിക്കുന്നത്.

പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജി.ഒ(എംഎസ്)22/18/തസ്വഭവ/14.02.18 ഖണ്ഡിക 5പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കൂൾ യൂണിഫോം, സ്പോർട്സ് ജെഴ്സി എന്നിവ ഒഴികെ മറ്റ്

വിഭാഗങ്ങൾക്കൊന്നും വസ്ത്രങ്ങൾ/യൂണിഫോമുകൾ എന്നിവയ്ക്ക് ധനസഹായം അനുവദിക്കാൻ കഴിയുകയില്ല. എന്നാൽ പ്രോജക്ടിന്റെ ഭാഗമായി 50 വിദ്യാർത്ഥിനികൾക്ക് യൂണിഫോം വിതരണം ചെയ്യാൻ 32,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

2) ലഘുഭക്ഷണത്തിനായി പ്രോജക്ട് പ്രകാരം 7,550 രൂപ (22 ദിവസ പരിശീലന കാലയളവിൽ 8 ദിവസത്തേയ്ക്ക് മാത്രം) ചെലവഴിച്ചിട്ടുണ്ട്. ആയതും സബ്സിഡി മാർഗ്ഗരേഖ പ്രകാരമല്ല.

## 2) <u>ബാലസഭ യോഗ പരിശീലനം - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു</u>

| | |
|---|---|
| പ്രോജക്ട് നം. | 26/19 |
| ചെലവ് | 44,960(തനത് ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ്, ഗവ.എൻ.എസ്.എൽ.പി.സ്കൂൾ, ചിറക്കടവ് |

ബാലസഭയുടെ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ വിവിധ എൽ.പി., യു.പി. സ്കൂളിലെ 302 കുട്ടികൾക്ക് യോഗപരിശീലനത്തിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. ഒരു ക്ലാസ്സിന് 400 രൂപ നിരക്കിൽ പരിശീലകന് നൽകാനുള്ള ഫീസ്, കുട്ടികളുടെ യൂണിഫോം എന്നീ ഇനങ്ങളിലാണ് പ്രസ്തുത പ്രോജക്ടിലൂടെ തുക ചെലവഴിച്ചിരിക്കുന്നത്.

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജി.ഒ(എംഎസ്)22/18/തസ്വഭവ/14.02.18 ഖണ്ഡിക 5പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കൂൾ യൂണിഫോം, സ്പോർട്ട്സ് ജെഴ്സി എന്നിവ ഒഴികെ മറ്റ് വിഭാഗങ്ങൾക്കൊന്നും വസ്ത്രങ്ങൾ/യൂണിഫോമുകൾ എന്നിവയ്ക്ക് ധനസഹായം അനുവദിക്കാൻ കഴിയുകയില്ല. എന്നാൽ പ്രോജക്ടിന്റെ ഭാഗമായി 64 കുട്ടികൾക്ക് യൂണിഫോം വാങ്ങാനായി 21,760 രൂപ ചെലവഴിച്ചിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.8/25.10.19 ന് നിർവ്വഹണോദ്യോഗസ്ഥ കൃത്യമായ മറുപടിയല്ല ലഭ്യമാക്കിയിട്ടുള്ളത്.

പദ്ധതി മാർഗ്ഗരേഖയിലെയും സബ്സിഡി മാർഗ്ഗരേഖയിലെയും കൃത്യമായി നിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്ട് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3) <u>ബാലസഭ പ്രവർത്തനങ്ങൾ -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | 272/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 1,00,000- (പദ്ധതി വിഹിതം -ജനറൽ) |
| ചെലവ് | 1,00,000/- BRN-18080352017400351959/21.7.2018 |

മേൽ പ്രോജക്ടിന് തനതുഫണ്ടിൽ നിന്നും 1,00,000 രൂപ സി.ഡി.എസ് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1) ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ

2) ബാലസഭ അംഗങ്ങൾ- രജിസ്ട്രേഷൻ വിശദാംശങ്ങൾ

3) ബാലസഭ പ്രവർത്തനവുമായി ബന്ധപ്പെട്ട കലണ്ടർ (നം.3266/k/2018/KSHO DT. 28.03.2018 സർക്കുലർ പ്രകാരം) തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ

4) ബാലസഭ പ്രവർത്തനങ്ങൾക്കായി പദ്ധതിവിഹിതം ചെലവഴിക്കുന്നതു സംബന്ധിച്ച് സെക്രട്ടറിമാർക്കുള്ള നിർദ്ദേശങ്ങൾ(നം.1125/k/2015/KSHO2 DT. 26.12.2018 സർക്കുലർ പ്രകാരം) പാലിച്ചിട്ടില്ല.
5) ജി.ഒ.(എം.എസ്.)22/18/14.02.18 ഖ.7.6.17 പ്രകാരം പഞ്ചായത്തിലെ ബാലസഭാ പ്രവർത്തനങ്ങൾക്ക് 40,000 രൂപയിൽ അധികരിക്കരുത് എന്ന വ്യവസ്ഥയോടെ വികസനഫണ്ട് ചെലവഴിക്കുന്നതിന് അനുമതിയുണ്ട്. ഇതിന് വിരുദ്ധമായാണ് 1,00,000 രൂപ തനതുഫണ്ടിൽ നിന്നും സി.ഡി.എസ്. അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തത്.

മേൽ സൂചിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാൽ ടിയിനത്തിൽ ചെലവഴിച്ച 1,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം-പഠനാവശ്യത്തിനല്ലാതെ ലാപ്ടോപ് വിതരണം ചെയ്തു

| | |
|---|---|
| പ്രോജക്ട് നം. | 09/19 |
| ചെലവ് | 4,75,150 (എസ്.സി.പി) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പ്രോജക്ട് മുഖേന 17 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്തു. (ഒരു ലാപ്ടോപ്പിന്റെ വില 27,950 രൂപ). പ്രോജക്ട് കാലയളവിൽ അംഗീകൃത കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥി ആണെന്ന് ഉറപ്പ് വരുത്തിമാത്രമേ സഹായം അനുവദിക്കാവൂ എന്നിരിക്കെ പ്രൊജക്ട് പ്രകാരം ലാപ്ടോപ്പ് ലഭിച്ച കുമാരി സൂര്യാ പി., തെക്കേചെറയിൽ, തെക്കേത്തുകവല എന്ന വിദ്യാർത്ഥി 2017-18 കാലയളവിൽ ബിരുദ കോഴ്സ് പൂർത്തീകരിച്ചിട്ടുള്ളതാണ്. 2018- 19 ൽ പഠനം തുടരുന്നതിന്റെ വിവരം ഫയലിൽ ചേർത്തിട്ടില്ല. ആയതിനാൽ പ്രസ്തുത ലാപ്ടോപ് പഠനാവശ്യത്തിനായി ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. അർഹനായ ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമാകാത്ത അവസ്ഥ ഇത് മൂലം ഉണ്ടാകുന്നു. ഗുണഭോക്താക്കളുടെ അർഹത കൃത്യമായി വിലയിരുത്തി മാത്രം ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ശബരിമലതീർത്ഥാടനം-തെരുവുവിളക്ക് സ്ഥാപിക്കൽ -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 16/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 3,99,000- (സ്പെഷ്യൽ ഫണ്ട്) |
| ചെലവ് | 3,02,691/--<br>0577886/27.03.19 -3983/-(KBOCWW) |

| | |
|---|---|
| | 0577886/27.03.19 -286759/-(contractor)<br>0577887/27.03.19 -3983/-(IT)<br>951091/27.03.19 -7966/-(GST) |

1) പഞ്ചായത്തിന്റെ തെരുവുവിളക്ക് സ്ഥാപിക്കൽ എന്ന ജനറൽ പ്രോജക്ടിനും സ്പെഷ്യൽ പ്രോജക്ടിനും പ്രത്യേകം ക്വട്ടേഷൻ ക്ഷണിച്ചതിന്റെ കാരണം വ്യക്തമല്ല.

2) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് വാങ്ങിയ തെരുവുവിളക്കുകൾ ശബരിമല പ്രധാന പാത കടന്നുപോകുന്ന പതിനൊന്നു വാർഡുകളിലെ പോസ്റ്റുകളിലാണ് ഘടിപ്പിയ്ക്കേണ്ടിയിരുന്നത്. എന്നാൽ എല്ലാ വാർഡുകളിലും സ്ഥാപിച്ചതായി സാക്ഷ്യപത്രം ഉൾപ്പെടുത്തിയിരിയ്ക്കുന്നു.

3) തെരുവുവിളക്ക് മെയിന്റനൻസുമായി ബന്ധപ്പെട്ട് (മുൻവർഷങ്ങളിൽ സ്ഥാപിച്ചവ) പ്രോജക്ട് ഫയലിൽ കെ.എസ്.ഇ.ബി. യ്ക്ക് സൂപ്പർവിഷൻ ചാർജ്ജ് നൽകുന്നതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

4) തെരുവുവിളക്ക് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് വാഹനവാടക ഒരു സ്വകാര്യ വ്യക്തിയ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട് വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. കരാറിൽ വാഹനവാടകയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

കേടായതോ മാറ്റി സ്ഥാപിക്കേണ്ടതോ ആയ വിളക്കുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ പ്രോജക്ടിൽ ഇല്ല. വർക്കിംഗ് ഗ്രൂപ്പിൽ ഇതു സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്തിട്ടില്ല. സ്റ്റാറ്റസ്റിപ്പോർട്ടിൽ ഇതു സംബന്ധിച്ച വിവരങ്ങൾ ഇല്ല. പ്രവർത്തിക്കുന്ന തെരുവു വിളക്കുകളുടെ എണ്ണം നിർണയിക്കുന്നതിന് കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. പഞ്ചായത്ത് എഴുതി സൂക്ഷിച്ച തെരുവ് വിളക്ക് രജിസ്റ്ററിൽ 31.03.2017 വരെയുള്ള വിവരങ്ങൾ മാത്രമേ ചേർത്തിട്ടുള്ളൂ. കൃത്യമായ ഡാറ്റയുടെ അടിസ്ഥാനത്തിൽ ആവശ്യകത നിർണ്ണയിച്ച് വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത ശേഷം സ്പെസിഫിക്കേഷൻ, എണ്ണം, വില, എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് യഥാസമയങ്ങളിൽ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽനോട്ടച്ചുമതല നിർവ്വഹിക്കേണ്ടതാണ്. സ്പെഷ്യൽ പർപ്പസ് ഗ്രാന്റുകൾ ഉത്തരവ് പ്രകാരമുള്ള അനുബന്ധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി മാത്രം പ്രയോജനപ്പെടുത്തേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-26 ശബരിമല ഗ്രാന്റ് -വിനിയോഗം പൂർണ്ണമല്ല-പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ല

ശബരിമല മണ്ഡല -മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കേണ്ട ശുചീകരണപ്രവർത്തനങ്ങൾ, വഴിവിളക്കുകൾ, നദിക്കടവിലെ മുന്നറിയിപ്പുകൾ, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കും, തീർത്ഥാടനമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുമായി 2018-19 വ്രഷം അഞ്ച് ലക്ഷം രൂപ പഞ്ചായത്തിന് ലഭ്യമാക്കിയിരുന്നു. ഈ തുക ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേയ്ക്കാണ് ക്രഡിറ്റ് ചെയ്യുന്നത്. തീർത്ഥാടകർക്ക് പ്രയോജനം ലഭിയ്ക്കത്തക്ക രീതിയിൽ വിവിധ ഭാഗങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കൽ, കുടിവെള്ള ടാങ്ക് വിതരണം, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് 2018-19 വർഷത്തെ ചെലവ്. ഗ്രാന്റ് തുകകളുടെ വരവ്, ചെലവ് നീക്കിയിരിപ്പ് വിശദാംശങ്ങൾ ചുവടെചേർക്കുന്നു.(വാർഷിക കണക്ക് പ്രകാരം)

| | |
|---|---|
| മുൻബാക്കി | 10,41,057 |
| 2017-18 വർഷത്തെ വരവ് | 5,00,000/- |
| ആകെ | 15,41,057 |
| ചെലവ് | 6,49,641 |
| ബാലൻസ് | 8,91,366 |

ശബരിമല സ്പെഷ്യൽ ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുകകൾ തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് വിനിയോഗിക്കാതെ തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്ത് മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത് ശരിയായ നടപടിയല്ല ശബരിമല ഗ്രാന്റ് ശബരിമല തീർത്ഥാടകർക്ക് പൂർണ്ണമായും പ്രയോജനപ്പെടത്തക്ക വിധത്തിൽ ദേശസാൽകൃത ബാങ്കിൽ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ച് വിനിയോഗിക്കേണ്ടതാണ്.

## 1-27 ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾ-അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

സർക്കുലർ നം.ഡിബി3-9058/17/സിഇ/തസ്വഭവ/16-03-18 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.5% ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തിയാണ് തയ്യാറാക്കുന്നതെങ്കിൽ 01.07.17 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ ബില്ലിൽ നിന്നും 5% തുക കുറവ് ചെയ്യാവുന്നതാണ് എന്ന് നിർദേശിച്ചിരുന്നു. ചിറക്കടവ് ഗ്രാമപഞ്ചായത്തിലെ 2018-19 ൽ നടപ്പാക്കിയ കൺവീനർ പ്രവൃത്തികളിൽ 7.5% ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും വാറ്റിനത്തിലുള്ള 5% തുക കുറവ് ചെയ്തിട്ടില്ലാത്തതായി കാണുന്നു. ഏതാനും പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | ആകെ വേലമൂല്യം | റിമാർക്സ് |
|---|---|---|
| 97/19 ഇടമണ്ണിപ്പടി - പാലക്കൽപ്പടി നടപ്പാത -കോൺക്രീറ്റിംഗ് | 49,999 (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്) | ഐ.ടി (2%) തൊഴിലാളി ക്ഷേമനിധി (1%) എന്നിവ മാത്രമേ കുറവ് ചെയ്തിട്ടുള്ളൂ. |
| 372/19 വാർഡ് 4 ഫാമിലി വെൽഫെയർ സെന്റർ പൂർത്തീകരണം | 1,34,049 (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്) | |
| 360/19<br>കളമ്പുകാട്ട് അങ്കണവാടി മെയിന്റനൻസ് | 2,15,627<br>(മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്) | |

2018-19 ൽ ഗുണഭോക്തൃ സമിതിവഴി നടപ്പാക്കിയ എല്ലാ പ്രോജക്ടുകളിൽ നിന്നും വാറ്റിനത്തിൽ കുറവ് ചെയ്യേണ്ട തുക കൺവീനർമാരിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-28 പകൽവീടിന്റെയും വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ഇലക്ട്രിഫിക്കേഷൻ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 409/19 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1,00,000(പദ്ധതി വിഹിതം -ജനറൽ) |
| കരാറുകാരൻ | ശ്രീ.ഷാജിമോൻ മാത്യു |
| എഗ്രിമെന്റ് നം. | D-58214/18/17.1.19 |
| ചെലവ് | 99,423/- BRN-18080352002801341894/11.03.19 |

1) ഇലക്ട്രിഫിക്കേഷൻ നടത്തിയതിന്റെ ഫൈനൽ ബില്ലിൽ നിന്നും ടെൻഡർ വ്യതിയാനം കുറവുചെയ്തിട്ടില്ല. 4.01.2019ലെ 17(1) തീരുമാനപ്രകാരം ശ്രീ.ഷാജിമോൻ മാത്യു എന്ന കരാറുകാരന് 1.2% ടെൻഡർ ബിലോ എന്ന നിരക്കിൽ വേല അംഗീകരിച്ച് നൽകി. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും ടി നിരക്ക് കുറവ് ചെയ്യാത്തതിനാൽ 1,193 രൂപ കരാറുകാരന് അധികം നൽകി ടി തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2) 2017-18 വർഷം ഇലക്ട്രിഫിക്കേഷൻ നടത്തിയതായി ഭൗതികപരിശോധനയിൽ കണ്ടെത്തിയിരുന്നു. എന്നാൽ നാളിതുവരെ ഇലക്ട്രിക് കണക്ഷൻ ലഭിച്ചിട്ടില്ല.

3) 2017-18 വർഷം വാങ്ങിയ ഇലക്ട്രിക് ഉപകരണങ്ങളും തടി ഉപകരണങ്ങളും പ്രയോജനപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. വൻതുക ചെലവഴിച്ച് നിർമ്മിച്ച കെട്ടിടവും ഫർണ്ണിച്ചറുകളും ഇലക്ട്രോണിക് ഉപകരണങ്ങളും നാളിതുവരെ പ്രയോജനപ്പെടുത്താത്തതിനും മേൽ സൂചിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാത്തതിനും ടിയിനത്തിൽ ചെലവഴിച്ച 99,423 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 കുടുംബശ്രീ വിപണന കേന്ദ്രം -പ്രവർത്തനക്ഷമമാക്കാത്തത് സംബന്ധിച്ച്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി നം. | എസ്.ഒ 60/19 |
| വകയിരുത്തിയ തുക | 2,00,000 |
| ചെലവ് | 1,92,049(വികസന ഫണ്ട്- CFC)<br>ബിൽ നമ്പർ, തീയതി -19,20/30.11.18 |
| കരാറുകാരൻ | ശ്രീ.റ്റി.ജെ.ജോസഫ് |
| കരാർ | 139/18-19 AELSGD/chrdv/ 5.12.18 |

17-ാം വാർഡിലെ കുടുംബശ്രീ വിപണന കേന്ദ്രം നിർമ്മാണത്തിനായി 1,92,049 രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചിറക്കടവ് വെസ്റ്റ് കുടിവെള്ളപദ്ധതിയുടെ ടാങ്ക് ഘടിപ്പിച്ചിരിക്കുന്ന കെട്ടിടത്തിന്റെ കോളം ഭിത്തികെട്ടി അടച്ചെടുത്താണ് പ്രവർത്തി നടത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ ഫ്ലോറിംഗ് പ്രവൃത്തി നടത്തിയിട്ടില്ല.



**പ്രവർത്തനക്ഷമമാകാതെ കുടുംബശ്രീ വിപണനകേന്ദ്രം**

നിലവിലുള്ള കെട്ടിടത്തിനുമുകളിലും ഹാളിന്റെ വാതിലിനുമുകളിലും കുടിവെള്ളപദ്ധതി ടാങ്കിൽ നിന്നും വെള്ളം സ്ഥിരമായി വീണുകൊണ്ടിരിയ്ക്കുന്നതായും കെട്ടിടം സ്ഥിതിചെയ്യുന്നത് പ്രധാന പാതയിൽ നിന്നും വളരെ ഉള്ളിലായി വിജനമായ പ്രദേശത്താണെന്നും 28.10.2018-ൽ നടത്തിയ ഭൗതികപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. വനിതകൾക്ക് തൊഴിൽപരമായ സംരംഭങ്ങൾ എന്ന നിലയിൽ യാതൊരു വിധ സാധ്യതകളുമില്ലാത്ത സ്ഥലവും കെട്ടിടവുമാണ് കാണാൻ സാധിച്ചത്. വനിതാ വ്യവസായ കേന്ദ്രത്തിൽ പുതിയ വ്യവസായ സംരംഭം ആരംഭിച്ച് വിവരം ലഭ്യമാക്കുന്നതുവരെ 1,92,049 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-30 ത്രിവേണി കുടിവെള്ളപദ്ധതി-ഭാഗികമായി നടപ്പിലാക്കുന്നത് സംബന്ധിച്ച്

ത്രിവേണി കുടിവെള്ളപദ്ധതിയ്ക്കായി നാളിതുവരെ വിവിധ പ്രോജക്ടുകളിലായി ചെലവഴിച്ചതുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | സാമ്പത്തികവർഷം | നിർവ്വഹിച്ച പ്രവൃത്തി | ഫണ്ട് ഇനം | കൺവീനർ/കോൺട്രാക്ടർ |
|---|---|---|---|---|
| 270/17 | 2016-17 | Pipe line extention | CFC-450000 | കൺവീനർ വർക്ക് |
| 271/17 | 2016-17 | 10000liter tank, frame pipe | CFC-450000 | കൺവീനർ വർക്ക് |
| 314/18 | 2017-18 | Tank electrification | CFC 700000 | ടെൻഡർ വർക്ക് |
| 258/19 | 2018-19 | Pipe line extention | 490000 (OWN) | ടെൻഡർ വർക്ക് |
| 426/19 | 2018-19 | Pipe line extention | 270000 (OWN) | ടെൻഡർ വർക്ക് |

| | | | | |
|---|---|---|---|---|
| 396/20 | 2019-20 | Pipe line extention | 400000<br>CFC-(OWN) | ടെൻഡർ വർക്ക് |
| | **ആകെ** | | **27,60,000** | |

**<u>പ്രോജക്ട് പ്രവർത്തനത്തിലെ അപാകതകൾ</u>**

1) വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ)തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പദ്ധതിയുടെ രൂപരേഖസംബന്ധിച്ച വിശദാംശങ്ങളില്ലാതെയാണ് പണച്ചെലവ്നടത്തുന്നത്.

2) ടാങ്ക് നിർമ്മാണത്തിന് പഞ്ചായത്തിന് ലഭിച്ച സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കിയത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

3) ഭാഗികമായി നാമമാത്ര തുക വകയിരുത്തി കുടിവെള്ള പദ്ധതി പോലുള്ള വൻ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ പൊതുജനത്തിന് പ്രയോജനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. 155 ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്ത പ്രവൃത്തി 27,60,000 തുക ചെലവഴിച്ചിട്ടും 70 ഗുണഭോക്താക്കൾക്കുമാത്രമെ പ്രയോജനപ്രദമായിട്ടുള്ളൂ

4) വിവിധ പ്രോജക്ടുകളായി നടപ്പിലാക്കുന്നതിനാൽ പ്രവൃത്തിയിൽ ഒരേ ഇനം തന്നെ വിവിധ പ്രോജക്ടുകളിൽ ആവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിയുന്നില്ല.

5) കുടിവെള്ള പദ്ധതികളിൽ പരമാവധി ഗുണഭോക്തൃവിഹിതം ഉൾക്കൊള്ളിക്കാൻ ശ്രമിക്കണമെന്ന മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചിട്ടില്ല.

നിർമ്മാണ പ്രവർത്തികൾക്കായി പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ മുഴുവൻ പ്രവൃത്തിയും ഉൾപ്പെടും വിധം ഒറ്റ പ്രോജക്ടായി വിഭാവനം ചെയ്യേണ്ടതും, ഫണ്ടുകൾ അതനുസരിച്ച് വകയിരുത്തേണ്ടതുമാണ്. എസ്റ്റിമേറ്റുകൾ സൈറ്റ് പരിശോധിച്ച് കൃത്യതയോടെ തയ്യാറാക്കണം.

## 1-31 ആസ്തിരജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകൾക്ക് തുക വിനിയോഗിച്ചു

ചുവടെ പരാമർശിച്ചിട്ടുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പ്ലാൻ ഫണ്ടും തനതുഫണ്ടും വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ റോഡുകൾ പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തധീനതയിൽ വരാത്ത റോഡുകളുടെ നിർമ്മാണത്തിന് പഞ്ചായത്തിന്റെ പണം ചെലവഴിച്ചത് ക്രമാനുസൃതമല്ല. പ്രസ്തുത ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ബിൽ നം. |
|---|---|---|---|
| SO171/19 | തോട്ടത്തിൽപ്പടി പ്ലാച്ചിക്കൽപ്പടി കോൺക്രീറ്റിംഗ് വാർഡ്-13 | 2,47,868/- | 18080352016601144868 |

| | | | |
|---|---|---|---|
| SO76/19 | ലൈൻ കോൺക്രീറ്റിംഗ് വാർഡ്-16 | 83,547/- | 18080352016601392515/16.03.19 |
| SO213/19 | ഇടത്തംപറമ്പ് മൈലാക്കാവ് റോഡ് ടാറിംഗ് വാർഡ്-20 | 2,15,765/- | 1808035201660981810/17.01.19 |
| SO215/19 | കുടുംബിയാംകുഴി ആഴാന്തകുഴി റോഡ് ടാറിംഗ് | 2,53,008/- | 18080352016601072648/17.01.19 |
| SO247/19 | തെക്കേത്തപ്പടി മാരിക്കാട്ടുപടി റോഡ് വാർഡ്-9 | 1,40,828/- | 18080352016601082168/19.01.19 |
| SO160/19 | ഇടത്തം പറമ്പ് ബോർമ്മാറോഡ് കോൺക്രീറ്റിംഗ് വാർഡ്-15 | 91,958/- | 18080352016601143430/31.01.19 |
| SO63/19 | തകിടിയേൽപ്പടി വില്ലൻചിറ റോഡ്<br>കോൺക്രീറ്റിംഗ് വാർഡ്-7 | 3,56,454/- | 18080352016601087410/21.01.19 |
| SO124/19 | തോണിപ്പാറ കുഴിക്കാട്ടുപടി റോഡ്<br>കോൺക്രീറ്റിംഗ് വാർഡ്-19 | 89,612/- | 18080352016600981808/22.12.18 |
| | **ആകെ** | **14,79,040/-** | |

സ്വകാര്യഭൂമി വിട്ടുകിട്ടിയതിനെത്തുടർന്ന് പഞ്ചായത്ത് നിർമ്മാണം നടത്തിയതാണെങ്കിൽ പ്രസ്തുത ഭൂമി നിയമാനുസൃതം പോക്കുവരവുനടത്തി പഞ്ചായത്ത് ആസ്തിയാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 മാലിന്യ സംസ്കരണം - ഹരിതകേരളമിഷൻ മാർഗ്ഗരേഖ ഉൾപ്പടെയുള്ള നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയില്ല

**സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ/മാർഗ്ഗനിർദ്ദേശങ്ങൾ**

1) 26.5.17ലെ ഹരിതകേരള മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ

2) 15.7.17 ലെ എം.എസ്.2420/17/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പ്രകാരമുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ

തദ്ദേശസ്ഥാപനതലത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായി

സാങ്കേതിക സമിതി രൂപീകരിക്കണം. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ സ്ഥാപനതലത്തിലുള്ള എല്ലാ മേൽനോട്ടവും ടി സമിതിയിൽ നിക്ഷിപ്തമാണ്. സാങ്കേതിക സമിതി രൂപീകരിച്ചതിന്റെ വിവരങ്ങൾ ഇല്ല.

നിയമവും ചട്ടങ്ങളും മിഷൻ മാർഗ്ഗരേഖയും അടിസ്ഥാനപ്പെടുത്തി ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

**മാലിന്യ നിർമ്മാർജ്ജനം- നിലവിലെ അവസ്ഥ**

താരതമ്യേന ജനനിബിഡമായ പഞ്ചായത്ത് എന്ന നിലയിലും ശബരിമല ഇടത്താവളം എന്ന നിലയിലും ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികൾക്ക് പ്രഥമ പരിഗണന ആവശ്യമുണ്ട്. മാലിന്യസംസ്കരണത്തിനായും ശുചിത്വപരിപാലനത്തിനായും ശബരിമല സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കുന്നുമുണ്ട്. അജൈവമാലിന്യങ്ങളുടെ ഉല്പാദനം തടയുന്നതിലും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിലും സ്ഥാപനത്തിൽ വീഴ്ചവന്നിട്ടുണ്ട്. കടകൾ വഴിയുള്ള പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം തടയുന്നതിന് ബൈലോ അംഗീകരിച്ചെങ്കിലും ഇത് പാലിക്കപ്പെടുന്നുണ്ടോയെന്ന് നിരന്തരമായി നിരീക്ഷിക്കപ്പെടുന്നില്ല.

മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്ന കാര്യത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ നടത്തിയ ഹരിതകർമ്മസേന-പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ്(14/19), പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ്(എസ്0 305/19), ശുചീകരണ പ്രവർത്തനം ശബരിമല തീർത്ഥാടനം എന്നീ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഉത്തരവുകളും നടപടിക്രമങ്ങളും പാലിക്കുന്നതിലുണ്ടായ വീഴ്ച താഴെ പറയുന്ന അപാകതകൾക്ക് കാരണമായിട്ടുണ്ട്.

1. ഗ്രാമ പഞ്ചായത്തിലെ അജൈവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 2018-19 വർഷത്തിൽ ഹരിതകർമ്മസേന പ്ലാസ്റ്റിക് ശേഖരിക്കുകയും(ഇരുപത് വാർഡുകളിൽ നിന്നും-7149kg)അവ ക്വട്ടേഷൻ ക്ഷണിച്ച് സ്വകാര്യവ്യക്തികളെ ഏൽപ്പിച്ച് നിർമ്മാർജ്ജനം ചെയ്തിട്ടുണ്ട്. ആയതിനായി വാഹനവാടകയും നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സൃഷ്ടിക്കപ്പെടുന്ന ജൈവ മാലിന്യങ്ങളുടെ ശേഖരണത്തിനും സംസ്കരണത്തിനും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.
2. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ഹരിത കർമ്മസേന പ്രവർത്തനവും വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകിയതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച രേഖകളും ലഭ്യമാക്കിയിട്ടില്ല. മേൽ നടപടിക്രമങ്ങൾ പാലിക്കാത്തതും ആസൂത്രണത്തിലെ പിഴവും ഹരിതകർമ്മസേന പ്രവർത്തനം കാര്യക്ഷമമാക്കാത്തതിന് കാരണമായിട്ടുണ്ട്.
3. ആവശ്യകതാ നിർണ്ണയ സർവ്വെ നടത്തി ജൈവ മാലിന്യ സംസ്കരണത്തിന് മുഴുവൻ വീടുകളിലും ഉടമയുടെ സ്വന്തം ചെലവിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനം നിലവിലുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും സർവ്വെ പ്രകാരം ശേഖരിച്ച ഡാറ്റ വിശകലനം ചെയ്ത് ഹരിതകർമ്മസേനയുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിനുതകുന്ന നിരക്കിൽ വിവിധ വിഭാഗങ്ങളുടെ യൂസർഫീ നിരക്കുകൾ നിശ്ചയിക്കേണ്ടതാണ്. എന്നാൽ സർവ്വെ നടത്തിയത് സംബന്ധിച്ച യാതൊരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സർവ്വെയുടെ

അടിസ്ഥാനത്തിലല്ല യൂസർ ഫീ നിശ്ചയിച്ചിട്ടുള്ളത്. ഹരിത കർമ്മ സേനയും പഞ്ചായത്തും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല.

4. ഹരിത കേരള മിഷൻ അംഗീകരിച്ച ഒരു സ്ഥാപനത്തിനെ ഗ്രാമപഞ്ചായത്ത് ഹരിതസഹായ സ്ഥാപനമായി തെരഞ്ഞെടുക്കേണ്ടതും മാലിന്യ സർവ്വെ പ്രകാരം ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്ത് പ്രസ്തുത സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഒരു പൂർണ്ണ പ്രവർത്തന പദ്ധതി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണ പ്രവർത്തന പദ്ധതിയുടെ അടിസ്ഥാനത്തിലാണ് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടത്. എന്നാൽ 2018-19 വർഷത്തിൽ മേൽ നടപടി ക്രമങ്ങളൊന്നും പാലിച്ചിട്ടില്ല.

5. ഹരിത കർമ്മസേന വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ താത്കാലികമായി ശേഖരിച്ച് സൂക്ഷിക്കുന്നതിന് സംവിധാനമില്ല. പൊതു ഇടങ്ങളിൽ മാലിന്യങ്ങൾ സംഭരിച്ച് സൂക്ഷിക്കുന്നതും യഥാസമയം സംസ്കരിക്കാത്തതും പാരിസ്ഥിതികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ സൃഷ്ടിക്കാനിടയുണ്ട്.

6. പഞ്ചായത്ത് പരിധിയിൽ സൃഷ്ടിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ്, സ്വഭാവം, സ്രോതസ്സ് എന്നിവ സർവ്വെ നടത്തി തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ മാലിന്യ സംസ്കരണം എന്ന വെല്ലുവിളി ഭാഗികമായി പരിഹരിക്കുന്നതിന് മാത്രമെ പദ്ധതി സഹായകമായുള്ളൂ.

7. മാലിന്യങ്ങൾ കയറ്റി അയച്ച് കയ്യൊഴിയുക എന്ന നയമാണ് അജൈവ മാലിന്യ സംസ്കരണത്തിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളത്. ആയത് പ്രസ്തുത വെല്ലുവിളിയെ ശാശ്വതമായി നേരിടുന്നതിന് സഹായകമല്ല. ഈ പ്രക്രിയതന്നെ മാസങ്ങളായി നിലച്ച അവസ്ഥയിലുമാണ്.

ഖരമാലിന്യങ്ങളുടെ സംസ്കരണത്തിനോ ജൈവമാലിന്യ സംസ്കരണത്തിനോ സംവിധാനമില്ല എന്നത് മാലിന്യങ്ങൾ അശാസ്ത്രീയമായി കൈകാര്യം ചെയ്യപ്പെടുന്നതിന് കാരണമാകും. ഇത് ഗുരുതരമായ പാരിസ്ഥിതിക-ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. മാലിന്യ പരിപാലനത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിലുണ്ടായ വീഴ്ചയാണ് ഹരിതകർമ്മസേനയുടെയും അജൈവ മാലിന്യ നിർമ്മാർജ്ജന പ്രക്രിയയിലെയും പരാജയത്തിന് കാരണമായിട്ടുള്ളത്. താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കി നിലവിലെ സ്ഥിതിവിശേഷത്തിന് അടിയന്തിര പരിഹാരം കാണേണ്ടതാണ്.

എ) ഹരിതസഹായ സ്ഥാപനത്തെ അടിയന്തിരമായി തെരഞ്ഞെടുക്കേണ്ടതും ഹരിതസഹായ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ മാലിന്യ സർവ്വെ നടത്തി പൂർണ്ണപ്രവർത്തന പദ്ധതി തയ്യാറാക്കേണ്ടതുമാണ്.

ബി) മാലിന്യ ശേഖരണത്തിനും അനുബന്ധപ്രവർത്തനങ്ങൾക്കും സജ്ജമാകുന്ന രീതിയിൽ ഹരിത കർമ്മ സേന പുനസംഘടിപ്പിക്കേണ്ടതാണ്.

സി) എം.ആർ.എഫ്, എം.സി.എഫ് എന്നിവ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഈ സെന്ററുകളെ കുറിച്ച് ആവശ്യമായ ബോധവത്ക്കരണം നടത്തി പൊതുജനങ്ങളുടെ നിലവിലുള്ള ആശങ്കകൾ പരിഹരിക്കാവുന്നതാണ്.

ഡി) എം.ആർ.എഫ്, എം.സി.എഫ് സെന്ററുകൾ സ്ഥാപിക്കുന്നതുവരെ ശേഖരിക്കപ്പെടുന്ന

മാലിന്യങ്ങൾ ശാസ്ത്രീയമായി കൈയ്യൊഴിയുന്നതിന് ഫലപ്രദമായ ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി ഇക്കാര്യത്തിൽ അനുഭവസമ്പത്തുള്ള ലോക്കൽ ബോഡികളിലെ മാതൃകകൾ സ്വീകരിക്കാവുന്നതാണ്

ഇ) പ്ലാസ്റ്റിക് ക്യാരീ ബാഗുകളുടെ ഉപയോഗം പൂർണ്ണമായും നിരോധിക്കുന്നതിന് നിരന്തരമായ നിരീക്ഷണസംവിധാനം നിലവിൽ വരുത്തേണ്ടതാണ്.

## 1-33 ജാഗ്രതാ സമിതി - പ്രവർത്തനം കാര്യക്ഷമമല്ല

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമമോ, അവഗണനയോ, ഏത് തലത്തിൽ, എവിടെ ഉണ്ടായാലും അതിനോട് പ്രതികരിക്കുകയും കുറ്റക്കാർക്കെതിരെ കർക്കശമായ നടപടികളെടുക്കുകയും ചെയ്യുക. സ്ത്രീകൾക്കും കുട്ടികൾക്കും സധൈര്യം സ്വതന്ത്രമായി ജീവിക്കാനുള്ള സാഹചര്യം ഉണ്ടാക്കുക അവർക്കാവശ്യമായ പിന്തുണ നൽകുകയും ഒറ്റയ്ക്കല്ല എന്ന തോന്നൽ ഉണ്ടാക്കത്തക്കവിധം പ്രവർത്തിക്കുകയും ചെയ്യുക. അവർക്ക് ആവശ്യമായ നിയമപരിരക്ഷ ഉറപ്പുവരുത്തുക തുടങ്ങിയവ നിർവ്വഹിക്കാനുള്ള സംവിധാനമെന്ന നിലയിൽ പ്രാദേശിക സർക്കാർ തലത്തിൽ ജാഗ്രതാസമിതികൾ പ്രവർത്തിച്ച് വരുന്നു.

സ.ഉ. (എം.എസ്.) നം.31/07 സാ.ക്ഷേ.വ. തീയതി 23.06.2007 പ്രകാരം ജാഗ്രതാ സമിതികളുടെ സംഘാടനം സംബന്ധിച്ച് സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ജാഗ്രതാ സമിതി യോഗം ചേർന്നതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ ഉത്തരവ് ഖ.1-3ൽ ഓരോ ഗ്രാമ പഞ്ചായത്തിലും വാർഡു തലത്തിൽ ജാഗ്രതാസമിതികൾ രൂപീകരിക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ വാർഡ് തലത്തിലെ സമിതികളുടെ മിനുട്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി 10,000 രൂപ ചെലവഴിച്ച് സ്ത്രീകൾക്കായി ഒരു സെമിനാർ (36/19 പ്രോജക്ട്)സംഘടിപ്പിയ്ക്കുക മാത്രമാണ് ചെയ്തത്.

ഗ്രാമപഞ്ചായത്തിലെ സ്ത്രീകളും കുട്ടികളും നേരിടുന്ന ബഹുമുഖമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സക്രിയമായ പങ്ക് വഹിക്കേണ്ട ജാഗ്രതാ സമിതികൾ പ്രവർത്തനരഹിതമാവുന്ന അവസ്ഥ ഗ്രാമ പഞ്ചായത്തിൽ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പും ഇത് സംബന്ധിച്ച് കാര്യമായ ഇടപെടലുകൾ നടത്താത്തതാണ് ജാഗ്രതാ സമിതികളുടെ നിഷ്ക്രിയാവസ്ഥക്ക് കാരണമാവുന്നത്. ജാഗ്രതാ സമിതികളെ പ്രവർത്തന ക്ഷമമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-34 നിക്ഷേപപ്രവൃത്തികൾ/സംയുക്ത പ്രോജക്ടുകൾ-പൂർത്തീകരണ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ | പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച തുക | ചെക്ക്/ബിൽ നം./തീയതി |
|---|---|---|---|---|
| 1 | സെക്രട്ടറി | ഗവ.ഹൈസ്കൂൾ സനാതനം റോഡ് മെയിന്റനൻസ് | 1,30,000<br>70,000 | 18080352002800835670/<br>23.11.88 |

| | | | | |
|---|---|---|---|---|
| | | വാർഡ്-7(ബ്ലോക്ക് പഞ്ചായത്തിനു നൽകിയത്) | | ചെക്ക്നം./തീയതി ലഭ്യമാക്കിയിട്ടില്ല |
| 2 | | രാജേന്ദ്രമൈതാനം -ഇലക്ട്രിക് പോസ്റ്റുമാറ്റി സ്ഥാപിയ്ക്കൽ (കെ.എസ്.ഇ.ബി) | 32,826 | 21801703/31.10.2018 |
| 3 | | ചേപ്പും പാറശ്മശാനം-കുഴൽകിണർ നിർമ്മാണം (ജി.ഡബ്ലിയു.ഡി) | 48,160 | 21800802/31.10.2018 |
| 4 | | ടൗൺ ഹാൾ-കുഴൽകിണർ, മോട്ടോർ ടാങ്ക്(ജി.ഡബ്ലിയു.ഡി) | 50,000 | 21800803/31.10.2018 |
| | | **ആകെ** | **3,30,986** | |

നിക്ഷേപപ്രവൃത്തികൾ/മറ്റുപ്രവൃത്തികൾ എന്നിവയ്ക്കായി നൽകിയ തുകയുടെ വിനിയോഗവിവരങ്ങൾ, പ്രവൃത്തിനിർവ്വഹണ പുരോഗതി, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കാത്തതിനാൽ ടിയിനത്തിൽ ചെലവഴിച്ച 3,30,986 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 ശാന്തിതീരം ഗ്യാസ് ക്രിമറ്റോറിയം--ബൃഹദ് പദ്ധതി-പൊതുവിലയിരുത്തൽ

ഗ്രാമപഞ്ചായത്തിൽ ശ്മശാനനിർമ്മാണത്തിന് വിവിധ സ്രോതസ്സുകളിൽ നിന്ന് തുക വകയിരുത്തി 2016-17 വർഷം 1.5 കോടി രൂപ അടങ്കലിൽ രൂപീകരിച്ച ബൃഹദ്പദ്ധതി സ്പിൽഓവറായി തുടർന്നുവരുന്നു. പ്രോജക്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരങ്ങൾ | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|
| 224/17 ശ്മശാനം | വികസനഫണ്ട് | 20 ലക്ഷം | 133,393 |
| | ലോകബാങ്ക് ധനസഹായം | 45,05,423 | 2,54,175 |
| | തനതുഫണ്ട് | 84,94,577 | ചെലവില്ല |
| 122/18(സ്പിൽഓവർ) | വികസനഫണ്ട് | 18,66,607 | 18,66,607 |

<table>
<tr><td rowspan="2"></td><td>ലോകബാങ്ക് ധനസഹായം</td><td>42,51,248</td><td>42,51,248</td></tr>
<tr><td>തനത്ഫണ്ട്</td><td>84,94,577</td><td>18,72,107</td></tr>
<tr><td rowspan="5">307/18<br>ചുറ്റുമതിൽ നിർമ്മാണം<br>386/18<br>ശ്മശാനം പൂർത്തീകരണം<br>397/18<br>ശ്മശാനം രണ്ടാംഘട്ടം പൂർത്തീകരണം</td><td>തനതുഫണ്ട്</td><td>9,50,000</td><td rowspan="5">ചെലവില്ല</td></tr>
<tr><td>മെയിന്റനൻസ്ഗ്രാന്റ്</td><td>6,86,000</td></tr>
<tr><td>ധനകാര്യകമ്മീഷൻഗ്രാന്റ്</td><td>5,30,496</td></tr>
<tr><td>ജില്ലാപ്പഞ്ചായത്ത്വിഹിതം</td><td>25,00,000</td></tr>
<tr><td>വികസനഫണ്ട്</td><td>8 ലക്ഷം</td></tr>
<tr><td rowspan="3">311/19<br>ശ്മശാനം പൂർത്തീകരണം<br>398/19</td><td>തനതുഫണ്ട്</td><td>66,22,470</td><td>31,30,884</td></tr>
<tr><td>ധനകാര്യകമ്മീഷൻഗ്രാന്റ്</td><td>5,30,496</td><td>5,30,496</td></tr>
<tr><td>ജില്ലാപഞ്ചായത്ത് വിഹിതം</td><td>25 ലക്ഷം</td><td>6,93,305</td></tr>
</table>

വിവിധ പ്രോജക്ടുകൾ പ്രകാരം നാളിതുവരെ1,27,32,215 രൂപ ചെലവഴിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പ്രവൃത്തികളുടെ ഫൈനൽബിൽ നൽകാൻ ശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ ചേപ്പുംപാറ എന്ന സ്ഥലത്ത് ആധുനികസജ്ജീകരണങ്ങളോടു കൂടിയ ഗ്യാസ് ക്രിമറ്റോറിയവും കെട്ടിടവും അനുബന്ധസൗകര്യങ്ങളും സജ്ജീകരിച്ച് ശ്മശാനനിർമ്മാണവും നടത്തിപ്പും എന്ന അനിവാര്യചുമതല നിർവ്വഹിക്കുന്നതിൽ ഗ്രാമപ്പഞ്ചായത്ത് നടത്തിയ ശ്രമം വിജയകരമാവുകയും പ്രയോജനകരമാവുകയും ചെയ്തിട്ടുണ്ട്. എങ്കിലും ശ്മശാനനിർമ്മാണം എന്ന ഒറ്റപ്രോജക്ടിനു പകരം വിവിധ സ്രോതസ്സുകളിൽ നിന്ന് തുക വകയിരുത്തി അനുബന്ധപ്രോജക്ടുകൾ രൂപീകരിച്ച് നടത്തുന്ന ചെലവ് ആവശ്യാധിഷ്ഠിതമാണെന്ന് ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും ഉറപ്പു വരുത്തേണ്ടതുണ്ട്. ശവസംസ്കാരത്തിനുള്ള മതിയായ സൗകര്യങ്ങൾ പൊതുജനങ്ങൾക്കായി ഒരുക്കിക്കൊടുക്കുക എന്നതിലുപരി പ്രത്യക്ഷത്തിൽ പ്രയോജനം സിദ്ധിയ്ക്കാത്ത അനാവശ്യ നിർമ്മിതികളും അനുബന്ധ ഘടക പ്രോജക്ടുകളും പാഴ്ച്ചെലവിന് ഇടയാക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കാതെ വീണ്ടും വീണ്ടും പ്രോജക്ടുകൾ വയ്ക്കുന്നതിലുപരി ചെലവഴിയ്ക്കുന്ന തുകയ്ക്ക് പ്രോജക്ടിന്റെ യഥാർത്ഥലക്ഷ്യം കൈവരിക്കാനും സാമ്പത്തിക അച്ചടക്കം (Financial Propriety)പാലിയ്ക്കാനും ശ്രദ്ധിക്കേണ്ടതാണ്. തുടർപ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് മുമ്പ് ഇക്കാര്യത്തിൽ ഒരു സമഗ്രവിലയിരുത്തൽ നടത്തുന്നതിന് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.



**ശാന്തിതീരം ഗ്യാസ് ക്രിമറ്റോറിയം**

## 1-36 ഭവനപുനരുദ്ധാരണം- സബ്സിഡി പരിമിതപ്പെടുത്തി നൽകുന്നു

ഗ്രാമപഞ്ചായത്തിൽ വീട് വാസയോഗ്യമാക്കുന്നതിനായി തൻവർഷം വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി പൊതു വിഭാഗം, പട്ടികജാതി വിഭാഗങ്ങളിലായി 2 പ്രോജക്ടുകൾ നടപ്പിലാക്കി (പ്രോജക്ട് നം.268/18-19- - എസ്.സി., 265/18-19--ജനറൽ). പൊതു വിഭാഗം 25,000/- രൂപ വീതവും, പട്ടികജാതി വിഭാഗത്തിന് 1,00,000/- രൂപ വീതവുമാണ് ധനസഹായം നല്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 22/2018 ത.സ്വ.ഭ.വ.തീ.14.02.18 പ്രകാരം വീട് വാസയോഗ്യമാക്കുന്നതിനായി നല്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്നപരിധി പൊതുവിഭാഗത്തിന് 1,00,000/- രൂപയും, പട്ടികജാതിവിഭാഗത്തിന് 1,50,000/- രൂപയുമാണ്. കൂടുതൽ പേർക്ക് ആനുകൂല്യം നല്കുന്നതിന് ഇപ്രകാരം സബ്സിഡി പരിമിതപ്പെടുത്തി നല്കുന്നതിനാൽ ഗുണഭോക്താക്കൾക്ക് ഫലപ്രദമായ രീതിയിൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിയാതെ വരുന്നു. സബ്സിഡി തുക നേരിയ തോതിൽ വിന്ന്യസിക്കുന്നതിലൂടെ തികച്ചും അർഹരായ ഗുണഭോക്താക്കൾക്ക് ലഭിക്കാമായിരുന്ന പരമാവധി ആനുകൂല്യം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകുന്നു. മാത്രമല്ല ചില ഗുണഭോക്താക്കൾക്ക് നാമമാത്രമായ അറ്റകുറ്റപ്പണി മാത്രം ഏറ്റെടുക്കേണ്ടതായും വരുന്നു. ഗുണഭോക്താക്കൾക്ക് പരമാവധി പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിവീട് വാസയോഗ്യമാക്കുന്നതിന് മതിയായ തുക വകയിരുത്തി പ്രോജക്ട് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കാവുന്നതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പഞ്ചായത്ത് ഭരണസമിതിയും ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-37 ലൈഫ് മിഷൻ- സമ്പൂർണ്ണ പാർപ്പിട പദ്ധതി അവലോകനം

**എ)** ലൈഫ് ഭവന പദ്ധതിയിൽ 2018-19 സാമ്പത്തിക വർഷം ജനറൽ വിഭാഗത്തിൽ 62 ഗുണഭോക്താക്കളും പട്ടികജാതിവിഭാഗത്തിൽ 5 പേരും കരാറിൽ ഏർപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ചിരുന്നു. പ്രോജക്ടിന്റെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ചെലവുവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | വികസന ഫണ്ട് | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | വായ്പ | ആകെ |
|---|---|---|---|---|---|
| 269/18-19-ലൈഫ് മിഷൻ ഭവനനിർമ്മാണം- ജനറൽ | 45,75,000 | 15,14,892 | 17,50,108 | 76,80,000 | 1,55,20,000 |

**ബി)** കാരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു.

| ബേസ്മെന്റ് പൂർത്തീകരിച്ചത് | ലിന്റൽ വരെ പൂർത്തീകരിച്ചത് | മേൽക്കൂര വരെ പൂർത്തീകരിച്ചത് | പൂർത്തീകരിച്ചത് |
|---|---|---|---|
| 5 | 12 | 15 | 35 |

32 ഗുണഭോക്താക്കളാണ് ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നത്. ഇവരുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സി)** ആദ്യഗഡു കൈപ്പറ്റിയെങ്കിലും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല

മേല്പറഞ്ഞ പ്രോജക്ട് പ്രകാരം താഴെപ്പറയുന്ന 2 ഗുണഭോക്താക്കൾ ആദ്യഗഡു 40,000 രൂപ കൈപ്പറ്റിയെങ്കിലും നാളിതുവരെ പണി ആരംഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| ശ്രീക്കുട്ടി, ചെന്നാട്ടുകരയിൽ, മണ്ണാറക്കയം | 40,000(ബിൽ നം.7/30.8.18) |
| രജനിരാജഗോപാൽ, പുളിക്കൽപുത്തൻവീട്ടിൽ, പൊൻകുന്നം | 40,000<br>(ജില്ലാപഞ്ചായത്ത് വിഹിതം) |

ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം അന്വേഷിച്ച് ഓഡിറ്റ് എൻക്വയറി (നം.33/31.10.19)നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഭരണസമിതി/ സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തി ഭവനനിർമ്മാണം ആരംഭിക്കുകയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. തുടർ വിവരങ്ങൾ അറിയിക്കുന്നതുവരെ ഗുണഭോക്താക്കൾക്കു നൽകിയ 80,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 ചെറിയ ചെയിനേജുകളിൽ മാത്രം പ്രവൃത്തി ഒതുങ്ങുന്നു

ഗ്രാമപ്പഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 315 പ്രോജക്ടുകളാണ് ഉണ്ടായിരുന്നത്. ഇതിൽ 207 എണ്ണം നടപ്പാക്കിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ ഭൂരിഭാഗവും റോഡ് കോൺക്രീറ്റിംഗ് വേലകളാണ്. ഇതിൽ നല്ലൊരു ശതമാനം 13 മീറ്ററിനും 40 മീറ്ററിനും ഇടയിൽ കോൺക്രീറ്റ് ചെയ്ത പ്രവൃത്തികളാണ്.

ഒരു റോഡിലെ മുഴുവൻ പ്രവൃത്തികളും ഒരുമിച്ച് നിർവ്വഹിക്കാതെ ചെറിയ ചെയിനേജുകളിലായി പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രവണതയാണ് കാണപ്പെട്ടത്. ഇതുകാരണം പ്രവൃത്തികളുടെ എണ്ണം കൂടുന്നതിനും കൃത്യമായ നിർവ്വഹണം സാധ്യമാകാതെയും വരുന്നു. പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടി.എസ്.ലഭ്യമാക്കൽ, ടെണ്ടർ നടപടികൾ സ്വീകരിക്കൽ എന്നീ നടപടികളിൽ കാലതാമസമുണ്ടാവുകയും കൃത്യമായ സൂപ്പർ വിഷൻ നടക്കാതെയും വരുന്നു. കൂടാതെ ചെറിയ അടങ്കലിലുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് കാര്യക്ഷമതയുള്ള കരാറുകാരുടെ ടെണ്ടർ പങ്കാളിത്തം കുറയുകയും ആയത് പ്രവൃത്തിയുടെ ഗുണനിലവാരം കുറക്കുകയും ചെയ്യുന്നു. ഒരു സാമ്പത്തിക വർഷം ഒരു റോഡിലെ മുഴുവൻ പ്രവൃത്തികൾക്കുമായി പ്രോജക്ട് രൂപീകരിക്കാതെ ചെറിയ ചെയിനേജുകളിലായി പ്രവൃത്തി നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.

പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണത്തിലും നടത്തിപ്പിലും വന്ന മേൽ അപാകതകൾ ഉത്തരവാദപ്പെട്ട വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-39 സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ സർക്കാർ ഫണ്ടുകൾ നഷ്ടപ്പെടുന്നു

സ.ഉ.(അ) നം.119/2016/ധന തീയതി 21.03.2015 പ്രകാരം 2015-16 വർഷം മുതൽ പുതിയ ഫണ്ടിംഗ് രീതി നിലവിൽ വരികയുണ്ടായി. ഇതു പ്രകാരം സാമ്പത്തിക വർഷം മാർച്ച് 31 നകം ചെലവഴിക്കാൻ കഴിയാത്ത പ്ലാൻഫണ്ട് തുകകൾ തിരിച്ച് സഞ്ചിത നിധിയിലേയ്ക്ക് എടുക്കപ്പെടുകയും, ഈ തുക മുൻവർഷത്തെ സ്പിൽഓവർ പദ്ധതികൾക്കായി തൊട്ടടുത്ത വർഷത്തെ ഫണ്ട് അലോട്ട്മെന്റിനൊപ്പം അനുവദിക്കുമെന്നും വ്യക്തമാക്കിയിരുന്നു. സ്പിൽഓവർ പദ്ധതികളുടെ ചെലവ് തൊട്ടടുത്തവർഷം മാർച്ച് 31 വരെ നടത്താമെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകി കൊണ്ടുള്ള സർക്കാർ ഉത്തരവ് നമ്പർ 11/2018/ത.സ്വ.ഭ.വ., തീയതി : 29.01.2018 ലെ ഖണ്ഡിക 10 ൽ സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി പുതുക്കേണ്ടതിന്റെ വിവരങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കാവുന്നതാണെന്നും, നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന പ്രോജക്ടുകളിൽ ഭേദഗതിയില്ലാത്തവ തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാന പ്രകാരം ഏപ്രിൽ ഒന്നു മുതൽ തുടർന്ന് നടപ്പാക്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇവയുടെ നിർവ്വഹണം തുടരുന്നതിന് വെറ്റിംഗ് ഓഫീസറുടെയോ, ജില്ലാ ആസൂത്രണ സമിതിയുടെയോ അംഗീകാരം ആവശ്യമില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനത്തിലോ, അടങ്കൽ തുകയിലോ ഭേദഗതി ആവശ്യമായവയ്ക്ക് വെറ്റിംഗ് ഓഫീസറുടേയും, ജില്ലാ ആസൂത്രണ സമിതിയുടേയും അംഗീകാരം വേണമെന്നും, ഇത്തരത്തിൽ ഭേദഗതി ചെയ്യുന്ന സ്പിൽഓവർ പദ്ധതികൾക്ക് ക്യാരി ഓവർ വിഹിതം ലഭിക്കില്ലെന്നും, ഇതിനു വേണ്ടുന്ന തുക തൻവർഷ വാർഷിക പദ്ധതിയ്ക്ക് ലഭ്യമായ വിഹിതത്തിൽ നിന്ന് കണ്ടെത്തേണ്ടതാണെന്നും ഈ ഉത്തരവിൽ തന്നെ വിവരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ തൻവർഷ വാർഷിക പദ്ധതിയിൽ സ്പിൽഓവർ പദ്ധതികളായി ഉൾപ്പെടുത്തിയ 85 എണ്ണത്തിൽ 82 നം അധികവിഹിതം ലഭിക്കാൻ സാധ്യതയുള്ളവയാണ്(കാറ്റഗറി 1). ഇതിൽ 76 എണ്ണവും പൊതുമരാമത്ത് പ്രവർത്തികളായിരുന്നു. 100% വികസനഫണ്ട് വിനിയോഗിച്ച്, സ്പിൽഓവർ പദ്ധതികൾക്കുള്ള അധികവിഹിതം ആവശ്യപ്പെട്ട പല സ്ഥാപനങ്ങൾക്കും മുൻവർഷങ്ങളിൽ സർക്കാർ തുക അനുവദിച്ചിട്ടുണ്ട്(സ.ഉ.(സാധാ) നം. 3088/2018/ധന., തീയതി : 31.03.2018). പൊതുമരാമത്ത് പദ്ധതികളുടെ ആകെ ചെലവിന്റെ പകുതിയോളവും സ്പിൽഓവർ പദ്ധതികൾക്കായി ചെലവഴിച്ച സാഹചര്യത്തിലും, സർക്കാരിൽ നിന്നും അധികവിഹിത ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമപഞ്ചായത്ത് എടുത്തതായി കാണുന്നില്ല. തൻവർഷ വികസന പ്രവർത്തനങ്ങൾക്ക് ലഭിച്ച തുകയാണ് ഇത്തരത്തിൽ നഷ്ടപ്പെടുന്നത്.

മുകളിൽ വിവരിച്ചതിൽ നിന്നും പ്രവർത്തികളുടെ ബാഹുല്യവും, പദ്ധതി നിർവ്വഹണ നടപടികളിലെ മെല്ലെപ്പോക്കും ഈയവസ്ഥയ്ക്ക് പ്രധാന കാരണമാണെന്ന് വ്യക്തമാണ്. തൻവർഷത്തിൽ ലഭിക്കാൻ സാധ്യതയുള്ള ആകെ പദ്ധതി തുകയ്ക്ക് ആനുപാതികമായി മാത്രം പദ്ധതികൾ തയ്യാറാക്കുകയോ(സ്പിൽ ഓവർ ഉൾപ്പെടെ), അതെല്ലെങ്കിൽ സ്പിൽഓവർ പദ്ധതികളുടെ പ്രവർത്തനങ്ങൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് ലഭിക്കാൻ സാധ്യതയുള്ള അധിക വിഹിതത്തിനായി സർക്കാരിനെ സമീപിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്.

സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ ഓഡിറ്റ് വർഷം നഷ്ടമായ സർക്കാർ ഗ്രാന്റിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,29,62,897 | 2,29,62,897 | 1,83,65,465 | 45,97,432 | |
| വികസനഫണ്ട് എസ്.സി.പി. | 0 | 52,96,000 | 52,96,000 | 48,89,743 | 4,06,257 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 4,75,000 | 4,75,000 | 4,54,994 | 20,006 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2,69,78,000 | 2,69,78,000 | 1,70,24,078 | 99,53,922 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 61,87,284 | 61,87,284 | 23,66,943 | 38,20,341 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,54,74,095 | 1,54,74,095 | 90,92,981 | 53,81,114 | |
| | | 7,73,73,276 | 7,73,73,276 | 5,17,85,204 | 2,41,79,072 | |

വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായിരുന്ന തുകയിൽ 2.4 കോടി രൂപ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടിട്ടുണ്ട്. ഇതിൽ തിരികെ ലഭിക്കാൻ അർഹതയുള്ള തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് ഇപ്രകാരമുണ്ടാകുന്ന അപരിഹാര്യമായ നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 1-40 അഗതി രഹിത കേരളം

ആശ്രയ ഒന്നാം ഘട്ടത്തിൽ 5,58,584.21 രൂപയും(സിൻഡിക്കേറ്റ് ബാങ്ക് പൊൻകുന്നം അക്കൗണ്ട് നം.43522030001390) ആശ്രയ രണ്ടാം ഘട്ടത്തിൽ 9,58,584 രൂപയും പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പുണ്ട്. രണ്ടാം ഘട്ടത്തിലുൾപ്പെട്ട പ്ലാൻ ഫണ്ട് വിഹിതമായ 14,50,000 രൂപ 03.04.18 ൽ കുടുംബശ്രീ തനത് ഫണ്ട് അക്കൗണ്ടായ സിൻഡിക്കേറ്റ് ബാങ്കിലാണ് നിക്ഷേപിച്ചത്. ആയത് നാളിതു വരെ ആശ്രയ രണ്ടാം ഘട്ട അക്കൗണ്ടിലേയ്ക്ക്(യൂണിയൻ ബാങ്ക് അക്കൗണ്ട് നം.622102010004328) നിക്ഷേപിച്ചില്ല. 2019 ജൂലൈയിൽ അഗതി രഹിത കേരളം പദ്ധതി (സിൻഡിക്കേറ്റ് ബാങ്ക് പൊൻകുന്നം അക്കൗണ്ട് നം.43522010001288)തുടങ്ങിയപ്പോൾ ഒന്നാം ഘട്ട തുക മാത്രമേ പ്രസ്തുത അക്കൗണ്ടിലേയ്ക്ക് മാറ്റിയുള്ളൂ. ആശ്രയ രണ്ടാം ഘട്ട തുക കുടുംബശ്രീ

തനത് ഫണ്ട് അക്കൗണ്ടിലവശേഷിക്കുന്ന 14,50,000 രൂപയുൾപ്പെടെ അഗതി രഹിത കേരളം പദ്ധതി അക്കൗണ്ടിലേയ്ക്ക് അടിയന്തിരമായി കൈമാറാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ആശ്രയ ഒന്നും രണ്ടും ഘട്ടങ്ങളിൽ ഭക്ഷണത്തിനു മാത്രമായാണ് ഭൂരിഭാഗം തുകയും ചെലവഴിച്ചത്. ഗുണഭോക്താക്കൾക്ക് സഹായം നൽകേണ്ട മറ്റ് ഘടകങ്ങളായ വസ്ത്രം, മരുന്ന്,വിദ്യാഭ്യാസാവശ്യം, പാർപ്പിടം, വീട് പുനരുദ്ധാരണം തുടങ്ങിയവയ്ക്കെല്ലാം പരിമിതമായ തുക മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ. നിലവിലുള്ള അഗതി രഹിത കേരളം പദ്ധതിയിൽ 149 ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 10.07.19 ന് ആരംഭിച്ച പദ്ധതിയിലും ഭക്ഷണത്തിനുമാത്രമാണ് നാളിതുവരെ തുക ചെലവഴിച്ചിരിക്കുന്നത്. പ്രോജക്ട് വിഭാവനം ചെയ്യുന്ന പ്രകാരം അഗതികളുടെ സമഗ്രമായ പുരോഗതി സാധ്യമാകും വിധം എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സഹായം നൽകാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയും പഞ്ചായത്ത് ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 ദിവസ വേതന ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ വേതനം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് ഓഫീസ് ശുചീകരണ പ്രവർത്തനങ്ങൾക്കായി രണ്ടു ജീവനക്കാരെയും, ടൗൺ ശുചീകരണ പ്രവർത്തനങ്ങൾക്കായി മൂന്നു ജീവനക്കാരെയും ദിവസ വേതന വ്യവസ്ഥയിൽ 2018-19 ൽ നിയമിച്ചിട്ടുണ്ടായിരുന്നു. ചുവടെ ചേർക്കുന്ന മാസങ്ങളിൽ ജീവനക്കാർക്ക് പരമാവധി അനുവദിക്കാവുന്നതിലും അധികം വേതനം/ഉയർന്ന നിരക്കിൽ നൽകിയതായി കാണുന്നു. (ജി.ഒ(പി)56/17/ധന/28.04.17 പ്രകാരം 30.06.18 വരെ 17025 രൂപ, ജി.ഒ(പി)112/18/ധന/21.07.18 പ്രകാരം 01.07.18 മുതൽ 31.03.18 വരെ 17,420 രൂപ എന്ന നിരക്കിലാണ് പരമാവധി അനുവദിക്കേണ്ടത്)

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരൻ | മാസം | ബിൽ നം./ തീയതി | ചെക്ക് നം./ തീയതി | പരമാവധി അനുവദി ക്കാവുന്ന | അനുവദിച്ച വേതനം | അധികം നൽകിയത് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | വേതനം | | |
| കെ.റ്റി.ചാക്കോ,<br>ഫുൾ ടൈം<br>സ്വീപ്പർ | 03/18 | 14/4.4.18 | 602484/04.04.18 | 17,025 | 18,000 | 975 |
| | 4/18 | 103/02.05.18 | 602574/02.05.18 | 17,025 | 18,000 | 975 |
| | 08/18 | 526/01.09.18 | 606246/01.09.18 | 17,420 | 17,675 | 255 |
| | 09/18 | 629/04.10.18 | 606394/04.10.18 | 17,420 | 17,675 | 255 |
| | 12/18 | 894/05.01.19 | 606673/05.01.19 | 17,420 | 17,675 | 255 |
| | 01/19 | 993/04.02.19 | 606756/04.02.19 | 17,420 | 17,675 | 255 |
| ശുചീകരണ തൊഴിലാളികൾ<br>-എം.കെ.രാജു<br>-ബിപിൻ<br>-ജ്യോതിസ് | 3/18 | 18/4.4.18 | 602489,602490, 602491/04.04.18 | 17025 x 3 = 51075 | 18600 x 3 = 55800 | 4,725 |
| | 04/18 | 105/03.05.18 | 602575,602576, 602577/03.05.18 | 17025 x 3 = 51075 | 18000 x 3 = 54000 | 2,925 |
| | 08/18 | 528/01.09.18 | 606248,606249, 606250/01.09.18 | 17420 x 3 = 52260 | 17675 x 3 = 53025 | 765 |
| | 09/18 | 631/04.10.18 | 606498,606499, 606400/4.10.18 | 17420 x 3 = 52260 | 17675 x 3 = 53025 | 765 |
| | 10/18 | 712/02.11.18 | 606485,606486, 606487/02.11.18 | 17420 x 3 = 52260 | 17675 x 3 = 53025 | 765 |

| | | | | | | |
|---|---|---|---|---|---|---|
| | 11/18 | 799/04.12.18 | 606576,606577, 606578/04.12.18 | 17420 x 3 = 52260 | 17675 x 3 = 53025 | 765 |
| | 12/18 | 895/05.01.19 | 606674,606675, 606676/05.01.19 | 17420 x 3 = 52260 | 17675 x 3 = 53025 | 765 |
| | 01/19 | 998/04.02.19 | 606761,606762, 606763/04.02.19 | 17420 x 3 = 52260 | 17675 x 3 = 53025 | 765 |
| | 02/19 | 1101/05.03.19 | 606872,606873, 606874/05.03.19 | 17420 x 3 = 52260 | 17675 x 3 = 53025 | 765 |
| | **ആകെ അധികം അനുവദിച്ചത്** | | | | | **15,975** |

സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക നിരക്കിൽ തുക അനുവദിച്ചതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/24.10.19) മറുപടിയായി തുക തിരികെ ഈടാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിർണ്ണയിക്കപ്പെട്ട വേതനത്തിൽ അധികമുണ്ടാകുന്ന ചെലവ് തുക അനുവദിക്കുന്ന സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യത ആയിരിക്കുന്നതാണ്. മേൽ വിവരിച്ച പ്രകാരമുള്ള അധികച്ചെലവിന് സെക്രട്ടറി ശ്രീ.എ.ഒ.അജു ബാധ്യതപ്പെട്ടിരിക്കുന്നു.

### 3-2 പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ ജീവനക്കാരന് ഉയർന്ന നിരക്കിൽ വേതനം നൽകി- അധിക ചെലവ് നിരാകരിക്കുന്നു

ഗ്രാമ പഞ്ചായത്ത് പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ ശുചീകരണത്തൊഴിലാളിയായ സുധീഷ് രാജു എന്ന ദിവസ വേതന ജീവനക്കാരന് പരമാവധി അനുവദിക്കാവുന്നതിലും അധികം വേതനം നൽകിയതായി കാണുന്നു.(ജി.ഒ(പി)56/17/ധന/28.04.17 പ്രകാരം 30.06.18 വരെ 17,025 രൂപ, ജി.ഒ(പി)112/18/ധന/21.07.18 പ്രകാരം 01.07.18 മുതൽ 31.03.18വരെ 17,420 രൂപ എന്ന നിരക്കിലാണ് പരമാവധി അനുവദിക്കേണ്ടത് )വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | പരമാവധി അനുവദിക്കാവുന്ന വേതനം | അനുവദിച്ച വേതനം | അധികം അനുവദിച്ചത് | ചെക്ക് നം./ തീയതി |
|---|---|---|---|---|
| 03/18 | 17,025 | 20,150 | 3,125 | 602487/04.04.18 |

| | | | | |
|---|---|---|---|---|
| 4/18 | 17,025 | 19,500 | 2,475 | 602579/03.05.18 |
| 05/18 | 17,025 | 19,500 | 2,475 | 602735/05.06.18 |
| 06/18 | 17,025 | 19,500 | 2,475 | 606063/03.07.18 |
| 07/18 | 17,420 | 20,150 | 2,730 | 606203/02.08.18 |
| 08/18 | 17,420 | 19,500 | 2,080 | 606247/01.09.18 |
| 09/18 | 17,420 | 19,500 | 2,080 | 606397/04.10.18 |
| 10/18 | 17,420 | 19,500 | 2,080 | 606492/03.11.18 |
| 11/18 | 17,420 | 18,850 | 1,430 | 606575/04.12.18 |
| 12/18 | 17,420 | 19,500 | 2,080 | 606677/05.01.19 |
| 01/19 | 17,420 | 18,850 | 1,430 | 606765/04.02.19 |
| | **അധികം അനുവദിച്ചത്** | | **24,460** | |

സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക നിരക്കിൽ തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (6/24.10.19)മറുപടിയിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന് വിധേയമായി ജീവനക്കാരൻ അധിക ജോലി ചെയ്തതിന് അധിക വേതനം നൽകേണ്ട സാഹചര്യം ഉണ്ടായി എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ഇത് സംബന്ധിച്ചുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനം ഹാജരാക്കിയിരുന്നില്ല. സർക്കാറിൽ നിന്നും മുൻകൂർ അനുമതിക്കായി നടപടി സ്വീകരിച്ചിട്ടുമില്ല. മേൽവിവരിച്ച കാരണങ്ങളാൽ അധികമായി ചെലവഴിച്ച 24,460 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികച്ചെലവിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ.ഏ.ഒ.അജു ബാധ്യതപ്പെട്ടിരിക്കുന്നു.

### 3-3 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിവാക്കപ്പെട്ട (demolished building)കെട്ടിട മുറികളുടെ വൈദ്യുത ചാർജ് കുടിശ്ശിക പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അടവാക്കി

കെ.എസ്.ഇ.ബി. പൊൻകുന്നം ഇലക്ട്രിക്കൽ സെക്ഷൻ സബ് എഞ്ചിനീയറുടെ 12/18 ലെ കത്തിന്റെ അടിസ്ഥാനത്തിൽ, ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വൈദ്യുതി വിച്ഛേദിക്കാനുള്ള ചാർജ്ജും കുടിശ്ശികയും ഉൾപ്പെടെ 21,408 രൂപ ബിൽ നം.848/21.12.18 പ്രകാരം

കെ.എസ്.ഇ.ബി. പൊൻകുന്നം ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ കുടിശ്ശികയിനത്തിലെ തുക എത്രയെന്നോ, എന്നു മുതലുള്ള കുടിശ്ശികയാണെന്നോ കത്തിൽ കൃത്യമായി പരാമർശിക്കുന്നില്ല. വൈദ്യുത ചാർജ് കുടിശ്ശിക അടവാക്കേണ്ടത് മുറി വാടകക്കാരന്റെ ചുമതലയാണ്. കുടിശ്ശികയിനത്തിൽ പഞ്ചായത്ത് അടവാക്കിയ തുക മുറികളൊഴിഞ്ഞ വാടകക്കാരുടെ വാടക ഡെപ്പോസിറ്റിൽ നിന്നും ഈടാക്കിയതായും കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (നം.27/30.10.19) ലഭ്യമാക്കിയില്ല. വാടകക്കാരിൽ നിന്ന് ഈടാക്കേണ്ട വൈദ്യുത ചാർജ് കുടിശ്ശിക പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അടവാക്കിയ സാഹചര്യത്തിൽ ചെലവഴിച്ച 21,408 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്. അധികച്ചെലവിന് സെക്രട്ടറി ശ്രീ.എ.ഒ.അജു ബാധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-19 | 14.06.19-15.06.19 |

പരിശോധനയുടെ അടിസ്ഥാനത്തിൽ *22.06.19*ലെ കെ.എസ്.എ-കെ.ടി.എം പി5-886/19 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ | | 50,000 | വികലാംഗരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 50,000 | -- |
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ | | 2,50,000 | റോഡ് മെയിന്റനൻസ് വാർഡ് -12,13 | 1,76,418 | 73,582 |
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ | | 2,50,000 | റോഡ് മെയിന്റനൻസ് വാർഡ് -14 | 2,32,487 | 17,513 |
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ | | 33,31,134 | ലൈഫ് ജനറൽ | 15,14,892 | 18,16,242 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കോട്ടയം | | 17,50,108 | ലൈഫ് ജനറൽ | 17,50,108 | -- |
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ | | 83,334 | അങ്കണവാടി പോഷകാഹാരം | 83,330 | 04 |
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ | | 1,12,000 | പാലിന് സബ്സിഡി | 1,12,000 | -- |
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ | | 1,00,000 | പാലിന് സബ്സിഡി | 1,00,000 | -- |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | | 25,00,000 | ശ്മശാനനിർമ്മാണം പൂർത്തീകരണം | 6,93,305 | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നം. | മുൻകൂർ നൽകിയ തുക/ചെക്ക് നം. | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ 433/19 | 59,510<br>21801703/29.03.19 | -- | 59,510 |
| 2 | ഗ്രൗണ്ട് വാട്ടർ അതോറിട്ടി | ടൗൺഹാൾകുഴൽ കിണർ നിർമ്മാണം, മോട്ടോർ ടാങ്ക് 254/19 | 50,000<br>21800803/31.10.18 | 50,000 | -- |
| 3 | ഗ്രൗണ്ട് വാട്ടർ അതോറിട്ടി | ചേപ്പും പാറ കുഴൽ കിണർ നിർമ്മാണം | 49,900<br>21800802/31.10.18 | -- | 49,900 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന പദ്ധതി | 87946/ഡി.ബി.1 /13/ത.സ്വ.ഭ.വ. തീ.11.2.14 &സ.ഉ(എം.എസ്) 83/13/ത.സ്വ.ഭ.വ തീ.11.3.15 | 60,00,000 | 1174860+199488 (15.3.19ലെ പലിശ)=13,74,348 | 10,00,000 | 1,99,488 | 1,74,860 |
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി. എഫ്.സി. ലോൺ) | | -- | 76,80,562 (തൻവർഷ വരവ്) | -- | -- | 7680562 |

2013-14 വർഷം മുതൽ വായ്പയിനത്തിൽ നൽകിയ തുക ബാങ്ക് തെറ്റായി പലിശയിനത്തിൽ കുറവുവരുത്തുകയും സർക്കാരിൽ നിന്നും പലിശ ഇനത്തിൽ തുക ലഭിച്ചത് ബാങ്കിൽ നൽകിയതിൽ 18,414/- രൂപയുടെ വ്യത്യാസം വന്നിട്ടുള്ളതായി കാണുന്നു. വാർഷികകണക്കുകളിൽ 18,414/- രൂപയുടെ വ്യത്യാസം കാണുന്നു. വായ്പായിനത്തിലെ യഥാർത്ഥ നീക്കിയിരിപ്പ് തുക 1,74,860 രൂപയാണ്. വാർഷിക കണക്ക് പ്രകാരം 1,56,446 രൂപയാണ് ബാലൻസ്(174860-18414=156446).

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്നത് | 1,43,65,438.65 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ വരവ്) | 9,84,824 |
| ആകെ | 1,53,50,262.65 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,53,50,262.65 |

| സ്ഥിര നിക്ഷേപത്തിന്റെ വിവരം | തുക | കാലാവധി | പലിശ % |
|---|---|---|---|

| | | | |
|---|---|---|---|
| സിൻഡിക്കേറ്റ് ബാങ്ക് അക്കൗണ്ട് നം.4352458000015 | 1,53,50,262.65 | 1 വർഷം 15.07.18 മുതൽ 14.07.19 വരെ | 6.7% |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 16,79,08,762.44 (മുന്നിരിപ്പ് ഇല്ലാതെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,94,32,074 (നീക്കിയിരിപ്പ് ഇല്ലാതെ) |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 61,843 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 27,27,268 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 15,975 | ശ്രീ.എ.ഒ.അജു, സെക്രട്ടറി |
| 3-2 | | 24,460 | ശ്രീ.എ.ഒ.അജു, സെക്രട്ടറി |
| 3-3 | | 21,408 | ശ്രീ.എ.ഒ.അജു, സെക്രട്ടറി |
| | **ആകെ** | **61,843** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| നമ്പർ | | |
|---|---|---|
| 1-19(1) | 33,877 | ശ്രീ.എ.ഒ.അജു, സെക്രട്ടറി |
| 1-19(2) | 2,64,693 | ശ്രീ.എ.ഒ.അജു, സെക്രട്ടറി |
| 1-19(3) | 2,27,200 | ശ്രീ.എ.ഒ.അജു, സെക്രട്ടറി |
| 1-23(3) * | 1,00,000 | ശ്രീമതി വസന്തകുമാരി, ഐ.സി.ഡി.എസ്. ചെയർപേഴ്സൺ |
| 1-28 | 99,423 | ശ്രീ.എ.ഒ.അജു, സെക്രട്ടറി |
| 1-29 | 1,92,049 | ശ്രീമതി അന്നമ്മ ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-31 | 14,79,040 | ശ്രീമതി അന്നമ്മ ജോൺ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-34 | 3,30,986 | ശ്രീ.എ.ഒ.അജു, സെക്രട്ടറി |
| | **27,27,268** | |

* ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ടായിരുന്നു. സി.ഡി.എസ്.ന്റെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറിയിട്ടുണ്ട്.

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എ.ഒ.അജു, സെക്രട്ടറി | | അലീന ഇല്ലം, വടക്കേപേഴ്ചറ്റുകുഴി, നെയ്യാറ്റിൻകര |

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)*

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | തീർപ്പാക്കാൻ |
|---|---|---|

| വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90& 1990-91 | എൽ.എഫ്.കെ.പി3-1245/94/3.5.94/12.7.94 | - |
| 1991-92& 1992-93 | എൽ.എഫ്.കെ.പി5-712/96/15.4.97/5.7.97 | |
| 1993-94 | എൽ.എഫ്.കെ.പി3 - 514/97/27.2.98/8.3.99 | |
| 1994-95 | എൽ.എഫ്.കെ.പി3 - 449/99/21.6.99/9.8.99 | |
| 1996-97 | എൽ.എഫ്.കെ.പി4 -930/2000/15.11.00/4.12.00 | |
| 1997-98 (ചെലവ്) | എൽ.എഫ്.കെ.പി4 - 68/00/9.5.00/8.7.02 | |
| 1999-00 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)201(1)/18/ 27.02.18 | 12 |
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)201(2)/18/ 27.02.18 | |
| 2001-02 | എൽ.എഫ്.കെ.പി4 - 648/04/14.2.05/1.8.05 | |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.പി4 - 673/05/16.12.05/6.2.06 | |
| 2003-04 (ചെലവ്) | എൽ.എഫ്.കെ.പി11 - 681/06/23.12.06/16.1.07 | |
| 1998-99 | എൽ.എഫ്.കെ.പി11 - 1064/07/25.2.08/4.4.08 | |
| 2002-03 (വരവ്) | എൽ.എഫ്.കെ.പി5 - 1065/07/26.5.08/30.7.08 | |
| 2003-04 | എൽ.എഫ്.കെ.പി5 - 1066/07/26.5.08/30.7.08 | |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.കെ.പി5 - 1084/07/26.5.08/30.7.08 | |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)201(3)/18/ 02.02.18 | 3 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)201(4)/18/ 02.02.18 | 3 |
| 2007-08 | എൽ.എഫ്.കെ.പി5 - 435/10/11.11.15 | 3 |
| 2008-09 | എൽ.എഫ്.കെ.പി5 - 436/10/11.11.15 | 2 |
| 2009-10 | എൽ.എഫ്.കെ.പി5 - 694/11/4.12.12 | |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)201(5)/18/ 02.02.18 | 9 |
| 2011-12 | എൽ.എഫ്.കെ.പി5 - 497/13/12.7.14 | |
| 2012-13 | എൽ.എഫ്.കെ.പി5 - 1500/14/29.2.16 | 15 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി5/319/2017/02.06.17 | 27 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5/622/18/16.04.18 | 24 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/393/18/03.03.18 | 14 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5/88/18/23.01.18 | 15 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/217/19/04.04.19/16.4.19 | 28 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**നം.കെ.എസ്.എ-കെ.ടി.എം.പി5-1704/2019** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**ഫോൺ: 04812564886**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**തീയതി:07.12.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2018-19ലെ** വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**